Uncorrected/Not for publication
08-10-2025

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... (..... ബഹളം .....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷം കഴിഞ്ഞ രണ്ട് ദിവസങ്ങളായി സഭാനടപടികളുമായി നിസ്സഹകരിക്കുകയാണ്. ശബരിമലയിലെ ദ്വാരപാലക ശിൽപം കൊണ്ടുപോയി വിറ്റിരിക്കുകയാണ്. അതോടൊപ്പം ശബരിമലയിലെ കട്ടിളപ്പടികൂടി കടത്തിയിരിക്കുകയാണെന്ന ഗുരുതരമായ ആരോപണമാണ് വന്നിരിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കുകയും ദേവസ്വം ബോർഡ് അംഗങ്ങളെ പുറത്താക്കുന്നതുവരെയും പ്രതിപക്ഷം സഭയുമായി നിസ്സഹകരിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, സഭയിൽ ഒരു പ്രശ്നം ഉന്നയിക്കാൻ ശരിയായ രീതിയിൽ നോട്ടീസ് നൽകി അവതരിപ്പിക്കുന്നതിനുപകരം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും പ്രതിപക്ഷവും ഈ രീതി അവലംബിക്കുന്നത് എന്തിനാണ്; ശരിയായി രീതിയിൽ ഒരു ചർച്ചയെ അഭിമുഖീകരിക്കാൻ ധൈര്യമില്ലാത്തതുകൊണ്ടല്ലേ?

Uncorrected/Not for publication
08-10-2025

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട്... പ്ലീസ് ...... പ്ലീസ് ...അദ്ദേഹത്തോട് പറയട്ടെ. ഇന്നലെ ഈ ഗ്യാലറിയിൽ മുഴുവൻ കുട്ടികളായിരുന്നു. അവർ കണ്ട് പഠിക്കേണ്ടത് ഇതാണോ; ഇതാണോ പാർലമെന്ററി പ്രൊസീഡിങ്സ്? ഗ്യാലറിയിൽ മുഴുവൻ കുട്ടികളിരുന്നപ്പോൾ സ്പീക്കറുടെ മുഖം മറച്ചുള്ള പ്രതിപക്ഷത്തിന്റെ പ്രതിഷേധമാണ് അവർ കണ്ടത്. ജനാധിപത്യത്തിന് ഭൂഷണമല്ല അത്. ഒരു നിയമസഭ സ്പീക്കറുടെ മുഖം മറച്ച് .... സ്പീക്കർക്കും റൈറ്റുണ്ട്. ഒരു നിയമസഭ സ്പീക്കറുടെ മുഖം മറച്ചുകൊണ്ട് ...... കുട്ടികൾ ഇതാണോ നാളെ പഠിക്കേണ്ടത്; നിങ്ങളിൽനിന്നാണോ ജനാധിപത്യവും പാർലമെന്ററി പ്രൊസീഡിങ്സും പഠിക്കേണ്ടത്? കേരളത്തിലെ സ്കൂളുകളിൽ നിന്ന് നിയമസഭ കാണാൻ കുട്ടികൾ വന്നപ്പോൾ അവർ കണ്ടത് സ്പീക്കറെ പ്രതിപക്ഷം ആക്ഷേപിക്കുന്നതാണ്. സ്പീക്കറുടെ മുഖം മറയ്ക്കുന്നതാണ്. ഇതാണോ പഠിക്കേണ്ടത്; ഇതാണോ ജനാധിപത്യം? (.....ബഹളം .....) നിങ്ങളെല്ലാം ഉത്തരവാദിത്വപ്പെട്ട ജനപ്രതിനിധികളാണ്. ഇതാണോ ജനാധിപത്യം? പ്ലീസ് .... പ്ലീസ് ....

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*241)

(ചോദ്യകർത്താക്കൾ *241-ാം നമ്പർ ചോദ്യം ഉന്നയിക്കാതിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

(ശബരിമലയിലെ സ്വർണ്ണപ്പാളി വിവാദത്തിൽ തുറമുഖ-സഹകരണ ദേവസ്വം വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിലും ദേവസ്വം ബോർഡ് അംഗങ്ങളെ പുറത്താക്കാത്തതിലും പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം**

1(*242) ശ്രീ. എം. വിജിൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ബ്രിഡ്ജസ് വിഭാഗം,

എൻ.എച്ച്. വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ എത്ര റെയിൽവെ ഓവർ ബ്രിഡ്ജുകൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നിലവിൽ എത്ര റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി പുരോഗമിക്കുന്ന റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ റെയിൽവെ ഭാഗത്തിന്റെ പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കേണ്ട സ്ഥിതിയിലുള്ള റെയിൽവേ ഓവർ ബ്രിഡ്ജുകൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) കേരള സർക്കാരിന്റെ ലെവൽ ക്രോസ്സില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി 99 റെയിൽവേ മേൽപാലങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചതിൽ 72 എണ്ണത്തിന്റെ നിർമ്മാണച്ചുമതല ആർ.ബി.ഡി.സി.കെ.-യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണച്ചുമതല കെ.ആർ.ഡി.സി.എൽ.-നും നൽകിയിട്ടുണ്ട്. കൂടാതെ, 39 റെയിൽവേ

മേൽപാലങ്ങൾ/അടിപ്പാതകൾ 100 ശതമാനം റെയിൽവേ ഫണ്ടിങ്ങിന് അനുമതി ലഭ്യമാക്കിയിട്ടുള്ളതും ഇവയുടെ നിർമ്മാണച്ചുമതല 26-03-2025-ലെ സ.ഉ.(സാധാ)നം.447/2025/PWD ഉത്തരവുപ്രകാരം കെ.ആർ.ഡി.സി.എൽ.-ന് നൽകിയിട്ടുള്ളതുമാണ്.

ഈ സർക്കാരിന്റെ കാലത്ത് ആർ.ബി.ഡി.സി.കെ. നിർവഹണ ചുമതലയുള്ള എട്ട് റെയിൽവേ മേൽപാലങ്ങളുടെയും ബ്രിഡ്ജസ് വിഭാഗത്തിന്റെ ചുമതലയിലുള്ള ഒരു മേൽപാലത്തിന്റെയും കെ.ആർ.ഡി.സി.എൽ.-ന് നിർവഹണ ചുമതലയുള്ള ഒരു റെയിൽവേ അടിപ്പാതയുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) നിലവിൽ 24 റെയിൽവേ മേൽപാലങ്ങളുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട് (ആർ.ബി.ഡി.സി.കെ. - 10, കെ.ആർ.ഡി.സി.എൽ.-13) PWD ദേശീയപാതാ വിഭാഗം - 1 അവയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+)

(സി) കെ.ആർ.ഡി.സി.എൽ.-ന് നിർവഹണ ചുമതലയുള്ള എല്ലാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റെയിൽവേ മേൽപാലങ്ങളുടെയും റെയിൽവേ ലൈനിന് മുകളിലുള്ള ഭാഗം ഉൾപ്പെടെ മുഴുവൻ നിർമ്മാണത്തിനുമുള്ള (Single Entity basis) അനുമതി കിട്ടിയിട്ടുണ്ട്. ആർ.ബി.ഡി.സി.കെ. നിർവഹണ ഏജൻസിയായിട്ടുള്ള റെയിൽവേ മേൽപാലങ്ങളിൽ ഒട്ടുമിക്ക പദ്ധതികളിലും റെയിൽവേ ലൈനിന് മുകളിലുള്ള പാലം റെയിൽവേയാണ് നിർമ്മിക്കുന്നത്. പ്രവൃത്തികൾ പുരോഗമിക്കുന്ന ചില സ്ഥലങ്ങളിൽ കാലതാമസം നേരിട്ടിട്ടുണ്ട്. റെയിൽവേയുമായി സഹകരിച്ച് ഇപ്പോൾ മിക്കവാറും സ്ഥലങ്ങളിലും വലിയ തടസ്സങ്ങളില്ലാതെ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനായി നിലവിലേറ്റെടുത്തിട്ടുള്ള ചില പദ്ധതികളിൽ റെയിൽവേ ഭാഗം ഉൾപ്പെടെയുള്ള മേൽപ്പാലം നിർമ്മാണം ആർ.ബി.ഡി.സി.കെ. ഏറ്റെടുത്ത് നടത്തുന്നുമുണ്ട്. അതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കേണ്ട റെയിൽവേ മേൽപാലങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

സാധാരണ ഞാൻ ഉത്തരങ്ങൾ ടേബിൾ ചെയ്യുകയാണ് പതിവ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ഉത്തരങ്ങൾ വായിക്കണമെന്നുള്ളതുകൊണ്ടാണ് അത് പൂർണ്ണമായി വായിച്ചത്.

ശ്രീ. എം. വിജിൻ: സർ, എസ്.ഐ.ടി. അന്വേഷണം പ്രഖ്യാപിച്ചിട്ടും നിരന്തമായി നുണകൾ പ്രചരിപ്പിച്ച് ചോദ്യോത്തരവേളതന്നെ തടസ്സപ്പെടുത്തുന്ന ജനാധിപത്യവിരുദ്ധ സമീപനമാണ് പ്രതിപക്ഷം സഭയിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സർക്കാർ 'ലെവൽക്രോസില്ലാത്ത കേരളം പദ്ധതി'-യിൽ വളരെ മാതൃകാപരമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ഇതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സംസ്ഥാനത്ത് റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ എല്ലാ നിലയിലുമുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. കിഫ്ബി, പൊതുമരാമത്ത് എന്നീ പദ്ധതികളിലുൾപ്പെടുത്തി 70 RoB-കളുടെ നിർമ്മാണത്തിന് ഇതുവരെ 2,403,42,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ-വേങ്ങര റെയിൽവേ ഓവർ ബ്രിഡ്ജിന് കിഫ്ബി വഴി 20,84,00,000/- രൂപയും തിരൂർ RoB

പൂർത്തീകരണത്തിനായി ബ്രിഡ്ജസ് വിഭാഗത്തിന് 3,95,00,000/- രൂപയും പൊന്നുണ്ടം ബൈപ്പാസ് RoB പൂർത്തീകരണത്തിന് 33,00,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്. പൊതുവെ പരിശോധിച്ചാൽ റെയിൽവേ അണ്ടർപാസുകളുടെ നിർമ്മാണം തകൃതിയായി നടക്കുകയാണ്. നിലമ്പൂർ യാഡ് ഗെയിറ്റിലെ റെയിൽവേ അണ്ടർപാസ് പ്രവൃത്തി പൂർത്തീകരിച്ച് കഴിഞ്ഞു. അവിടുത്തെ ജനങ്ങൾ ഏറെക്കാലമായി ആഗ്രഹിച്ച കാര്യമാണിത്. കോഴിക്കോട് വെള്ളയിൽ റെയിൽവേ അണ്ടർപാസ്സിന്റെ പ്രവൃത്തി ടെൻഡറിങ് സ്റ്റേജിലാണ്. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ. ഈ വിഷയം സഭയിൽ ധാരാളം തവണ ഉന്നയിച്ച വ്യക്തിയാണ്. ബഹുമാന്യനായ കല്ല്യാശ്ശേരി എം.എൽ.എ., ശ്രീ. എം. വിജിൻ നേരത്തെ തുടർച്ചയായി ഉന്നയിച്ച പഴയങ്ങാടി അണ്ടർപാസ് പ്രവൃത്തിക്ക് ഏഴ് കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ടെന്ന വിവരം സഭയെ അറിയിക്കുകയാണ്. ശ്രീ. എം. വിജിൻ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ തുടർച്ചയായി ഇടപെട്ടാണ് ഫണ്ട് അനുവദിച്ചത്. റെയിൽവെയാണ് പ്രവൃത്തി നിർവഹിക്കുന്നത്. നിലവിൽ പ്രവൃത്തിക്ക് ആവശ്യമായ തുക റെയിൽവേയിൽ സംസ്ഥാന സർക്കാർ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു.

അവിടുത്തെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി അതിവേഗം പുരോഗമിക്കുകയാണ്. അണ്ടർപാസ് പ്രവൃത്തി എത്രയും വേഗം ആരംഭിക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ പി.ഡബ്ല്യൂ.ഡി. കൃത്യമായി പരിശോധിച്ച് മുന്നോട്ടുപോകും.

ശ്രീ. എം. വിജിൻ: സർ, പഴയങ്ങാടി അണ്ടർപാസ് എന്ന ദീർഘകാല ആവശ്യം കല്ല്യാശ്ശേരിക്ക് അനുവദിച്ചുനൽകിയ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. 'ലെവൽക്രോസില്ലാത്ത കേരളം പദ്ധതി'-യുടെ ഭാഗമായി അണ്ടർപാസുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചുകഴിഞ്ഞു. അണ്ടർപാസുകൾ എവിടെയൊക്കെയാണ് പുതുതായി നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നിരവധി സ്ഥലങ്ങളിൽ അണ്ടർപാസുകൾ പുതുതായി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിലാണ് അണ്ടർപാസുകളുടെ നിർമ്മാണത്തിൽ റിക്കോർഡുകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പ്രതിപക്ഷം ഒരു ബാനർ പിടിച്ച് സഭ തടയാൻ ശ്രമിച്ചപ്പോൾ ഒരു റെയിൽവേ ഓവർ ബ്രിഡ്ജ് പോലെ അതിന്റെ മുകളിലൂടെ ചോദ്യം ചോദിച്ച എം.എൽ.എ.-ക്ക് അഭിവാദ്യങ്ങൾ. അതുപോലെ

കേരളത്തെ ലെവൽക്രോസില്ലാത്ത കേരളമാക്കാൻ ശ്രമിക്കുമ്പോൾ എന്തുതടസ്സം ആര് വരുത്തിയാലും അത് തട്ടിമാറ്റിക്കൊണ്ട് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK)-ന്റെ നേതൃത്വത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജുകൾ നിർമ്മിക്കുന്നത് സംസ്ഥാനത്തിന്റെ പങ്കാളിത്തത്തോടുകൂടിയാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സംസ്ഥാന സർക്കാരും ഇതിൽ ഫണ്ട് ചെലവഴിക്കുന്നുണ്ട്. ഫണ്ടിന്റെ കാര്യങ്ങൾ ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചിരുന്നു. നിലവിൽ ഒൻപത് RoB-കളുടെയും ഒരു RuB-യുടെയും പ്രവൃത്തിയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നിരവധി RoB-കൾ പൂർത്തീകരിക്കാനായി. ദീർഘകാലമായി നാട് ആഗ്രഹിച്ച പദ്ധതികളാണ് നമുക്ക് യാഥാർത്ഥ്യമാക്കാനായത്. RoB-കൾ പശ്ചാത്തല വികസനത്തിൽ നാടിന്റെ മുഖച്ഛായതന്നെ മാറ്റുന്ന പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. ഇതിലൂടെ സമയനഷ്ടം, ഇന്ധന നഷ്ടം എന്നിവ ഒഴിവാക്കാനും വേഗത്തിലാക്കാനും സാധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ

സംസ്ഥാന ഗവൺമെന്റ് നേരത്തെ ചെലവഴിച്ച ഫണ്ടിനെ സംബന്ധിച്ച് ഞാൻ ആവർത്തിക്കുന്നില്ല. ഇക്കാര്യത്തിൽ മാതൃകാപരമായിത്തന്നെ ഇടപെടാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. മുരളി പെരുനെല്ലി: സർ, വനത്തിൽനിന്നും നാട്ടിലേക്ക് വന്യമൃഗങ്ങൾ ഇറങ്ങുന്നത് പ്രതിരോധിക്കാൻ സർക്കാർ നല്ലതുപോലെ ബുദ്ധിമുട്ടുകയാണ്. പല്ലും നഖവും പോയാലും ആക്രമിക്കാൻ കെല്പില്ലാതെ പബ്ലിസിറ്റിക്കായി കോപ്രായങ്ങൾ കാണിക്കുന്ന ശല്യമൃഗങ്ങൾ സഭയ്ക്കുള്ളിൽ കയറിവരുന്നത് തടയണം. 'ലെവൽക്രോസില്ലാത്ത കേരളം പദ്ധതി' എന്നത് കേരളത്തിന്റെ ഒരു മാതൃകയാണ്. കേരളത്തിന്റെ പശ്ചാത്തലവികസന മേഖലയിൽ റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഏത് തരത്തിലുള്ള മാറ്റമാണ് കൊണ്ടുവന്നിരിക്കുന്നതെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: കാരിത്താസ്, മുളന്തുരുത്തി, തിരൂർ എന്നിവ ഈ നിലയിലുള്ള മൂന്ന് RoB പദ്ധതികളായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക തുക വകയിരുത്തിയാണ് ഈ മൂന്ന് പദ്ധതികളും പൂർത്തീകരിച്ചത്. തിരൂർ നിയോജകമണ്ഡലത്തിലെ പൊന്മുണ്ടം

ബൈപ്പാസ് RoB യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി 33 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അവിടെ പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞു. തിരൂർ എം.എൽ.എ. ഇപ്പോൾ സമരത്തിലാണ്. അദ്ദേഹം ഇപ്പോൾ സീറ്റിലുണ്ടായിരുന്നെങ്കിൽ ബഞ്ചിൽ കൈയടിച്ച് ഇതിനെ പിന്തുണയ്ക്കുമായിരുന്നു. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ. ഇവിടെയുണ്ട്. പാവങ്ങാട് RoB-യെ സംബന്ധിച്ച് അദ്ദേഹം തുടർച്ചയായി ഇടപെടുന്ന വിഷയമാണ്. പാവങ്ങാട് RoB ടെൻഡറിങ് ഘട്ടത്തിലാണെന്നുള്ള സന്തോഷവിവരം ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, നേരത്തെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാതിരുന്ന റെയിൽവേ ഓവർബ്രിഡ്ജുകളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചത്; പാലക്കാട് - പൊന്നാനി റോഡിലുള്ള വാടാനക്കുറിശ്ശി റെയിൽവേ മേൽപാലം എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നറിയിക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, മുടങ്ങിപ്പോയ പദ്ധതികൾ റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർച്ചയായി ചർച്ചകൾ

നടത്തുകയും ചെയ്യുന്നുണ്ട്. വാടാനക്കുറിശ്ശി ഉൾപ്പെടെയുള്ള റെയിൽവേ മേൽപാലങ്ങളുടെ റിവ്യൂ നടത്തി വേഗത്തിൽത്തന്നെ അത് പൂർത്തീകരിക്കാനുള്ള എല്ലാ ശ്രമവും സംസ്ഥാന സർക്കാർ നടത്തുന്നുണ്ട്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ....(ബഹളം).... സഭ നിരന്തരമായി സ്തംഭിപ്പിച്ച് അതിൽ ആഹ്ലാദ പ്രകടനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്. അദ്ദേഹം ചിരിച്ചുകളിച്ച് സമരത്തെ പ്രോത്സാഹിപ്പിക്കുകയാണ്. ശ്രീ. പി. എ. മുഹമ്മദ് റിയാസ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായി നിയോഗിക്കപ്പെട്ടപ്പോൾത്തന്നെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തൃശ്ശൂർ-കുറ്റിപ്പുറം സംസ്ഥാനപാത സന്ദർശിക്കുകയുണ്ടായി. മുണ്ടൂർ മുതൽ പുറ്റേക്കര വരെയുള്ള കുപ്പിക്കഴുത്ത് നാലുവരി പാതയാക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനായി 25.57 കോടി രൂപ അനുവദിച്ച് 19(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു. കൂടാതെ കുറ്റിപ്പുറം റോഡിലുള്ള അമല ആർ.ഒ.ബി.-ക്ക് സമാന്തരമായി മറ്റൊരു ആർ.ഒ.ബി. കൂടി നിർമ്മിക്കുന്നതിനുവേണ്ടി ഏഴ് കോടി രൂപ കിഫ്ബിയിൽ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ നടപടികളുടെ പുരോഗതി

വ്യക്തമാക്കാമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രണ്ട് റെയിൽവേ ഓവർബ്രിഡ്ജുകളും വളരെ പ്രധാനപ്പെട്ടവയാണ്. അവയുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് സംസ്ഥാന സർക്കാർ അനുവദിക്കുകയുണ്ടായി. എത്രയും വേഗത്തിൽ ആയതിന്റെ നടപടികൾ നടപ്പാക്കുന്നുണ്ട്. വരുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അത് യാഥാർത്ഥ്യമാക്കാൻ സാധിക്കും. അക്കാര്യം എളുപ്പമാക്കുന്ന തരത്തിലുള്ള പണികൾ പ്രതിക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുകൂടി ചെയ്ത് തരുന്നതിൽ വളരെയധികം സന്തോഷമുണ്ട്.

<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ വെള്ളയിൽ അണ്ടർപാസും പാവങ്ങാട് ഓവർ ബ്രിഡ്ജും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പ്രത്യേക താല്പര്യത്തോടെ നടപ്പാക്കിയിരിക്കുകയാണ്. വെസ്റ്റേൺ ചുങ്കം - ഭട്ട് റോഡിൽ റെയിൽവെ ഓവർബ്രിഡ്ജുണ്ട്. അങ്ങ് അടിയന്തരമായി ഇടപെട്ട് റെയിൽവേയുമായി ചർച്ച ചെയ്ത് ഇതുമായി ബന്ധപ്പെട്ട വിഷയം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ സൂചിപ്പിച്ചത് വളരെ ജനകീയമായൊരു പ്രശ്നമാണ്. ഇക്കാര്യത്തിൽ അദ്ദേഹം നിരന്തരം ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ശ്രദ്ധയിൽപ്പെടുത്തിയ ആർ.ഒ.ബി. വിഷയം ഉൾപ്പെടെ ചർച്ച ചെയ്ത് ഏതുരീതിയിൽ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, 'ലെവൽ ക്രോസ് ഇല്ലാത്ത കേരളം' പദ്ധതിയുമായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ഞാൻ ഈ അവസരത്തിൽ പ്രത്യേക അഭിവാദ്യങ്ങൾ അർപ്പിക്കുകയാണ്. കിഫ്ബി ധനസഹായത്തോടെ പുതുക്കാട് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന നാല് ആർ.ഒ.ബി.-കളുടെ നിർമ്മാണത്തിന് റെയിൽവേയുടെ അനുമതി ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടുകൊണ്ടിരിക്കുകയാണ്. നിർമ്മാണാനുമതി ലഭ്യമാക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഈ വിഷയം ചർച്ച ചെയ്ത് മുന്നോട്ടുപോകാവുന്നതാണ്. ഇത്രയും വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ സഭ തുടർച്ചയായി സ്തംഭിപ്പിക്കുന്ന പ്രതിപക്ഷ നിലപാട് തെറ്റാണ്. പ്രതിപക്ഷത്തിന്റെ ഇത്തരം തെറ്റായ നിലപാടുകൾ ജനങ്ങൾ കാണുന്നുണ്ട്. ഈ വിഷയത്തിൽ ഗൗരവത്തോടെ ഇടപെടാം. ഒരു ലെവൽ ക്രോസ് പോലെ വികസന ചർച്ചകൾ തടയുന്ന പ്രതിപക്ഷത്തിന്റെ നിലപാടിനെതിരെ ഒരു റെയിൽവേ ഓവർബ്രിഡ്ജ് പോലെ ഭരണകക്ഷിയെന്ന നിലയിൽ ഞങ്ങൾ ഇക്കാര്യങ്ങളെല്ലാം ജനങ്ങളിൽ എത്തിക്കാനും നടപ്പാക്കാനും ശ്രമിക്കും. ആയതിന് നിയമസഭാ സമ്മേളനത്തെ ഉപയോഗിക്കുകയെന്ന ഞങ്ങളുടെ ജനാധിപത്യ അവകാശത്തെ ഏത് നിലയിൽ തടയാൻ ശ്രമിച്ചാലും എല്ലാ പ്രതിസന്ധികളും തട്ടിമാറ്റി ഈ സർക്കാർ മുന്നോട്ടുപോകുമെന്ന് അറിയിക്കുകയാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾക്കെല്ലാം എന്റെ അഭിവാദ്യങ്ങൾ.

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തൂർ നിയോജകമണ്ഡലത്തിൽ മൈനാഗപ്പള്ളിയിൽ ഒരു ആർ.ഒ.ബി.-ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂ-ഉടമകളുടെയും വീട്ടുടമകളുടെയും ഹിയറിങ് പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പദ്ധതി സത്വരം നടപ്പാക്കാൻ കഴിയുമോ?

ബഹുമാനപ്പെട്ട സ്പീക്കറെ അഭിമുഖീകരിച്ചുതന്നെ ചോദ്യം ഉന്നയിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. പക്ഷെ പ്രതിപക്ഷാംഗങ്ങൾ നിരന്തരമായി ഇങ്ങനെ തടസ്സപ്പെടുത്തുന്നതുകൊണ്ട് അതിനുകഴിയുന്നില്ല. ഓരോ അംഗങ്ങളും സ്പീക്കറുടെ മുഖത്തുനോക്കി സംസാരിക്കണമെന്നതാണ് രീതി. ഇതെന്താണിത്; എത്ര ദിവസമായി; പ്രതിപക്ഷത്തിന്റെ ഇത്തരം സമരങ്ങൾ ഇനിയും നിർത്തിക്കൂടേ? .....(ബഹളം)....

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ ഇടപെട്ട് പരിഹരിക്കാൻ ശ്രമിക്കാം. .....(ബഹളം).... ഇന്നലെ ഞങ്ങൾക്കും സ്പീക്കറുടെ മുഖം കാണാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇന്ന് ഞങ്ങൾക്ക് സ്പീക്കറുടെ മുഖം കാണാൻ സാധിക്കുന്നുണ്ട്. മൊത്തത്തിൽ തടയാൻ പ്രതിപക്ഷത്തിന് കഴിയുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ബഹുമാനപ്പെട്ട അംഗം

ഉന്നയിച്ച വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകും.

ശ്രീ. ജോബ് മൈക്കിൾ: സർ, പെരുന്തുരുത്തി-മണർക്കാട് ബൈപ്പാസിൽ നാലുകോടി രൂപയുടെ ആർ.ഒ.ബി.-യുടെ പ്രവർത്തനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരുന്നു. അതിനാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്. അടിയന്തരമായി അടുത്ത ഘട്ടത്തിലേക്ക് കടക്കാൻ സാധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ദ്രുതഗതിയിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകാം. എങ്ങനെ ഇടപെടൽ നടത്തി വേഗത്തിലാക്കാമെന്നത് പരിശോധിക്കാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കുശാൽ നഗർ ആർ.ഒ.ബി.-യുടെ നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. എത്രയും വേഗത്തിൽ ആയതിന്റെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടെൻഡർ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, മലമ്പുഴ നിയോജകമണ്ഡലത്തിലെ അകത്തേത്തറ-നടക്കാവ് മേൽപാലം, നാലര വർഷക്കാലമായി പ്രസ്തുത റോഡ് അടച്ചിട്ടിരിക്കുകയാണ്. റെയിൽവേയുടെ പ്രവൃത്തി പൂർത്തിയാകാറായി. ആർ.ബി.ഡി.സി.കെ.-യാണ് കാലതാമസം വരുത്തുന്നത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇടപെട്ടിട്ടുള്ളതാണ്. ഒരിക്കൽക്കൂടി ഇടപെടൽ നടത്തി പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നിരവധി തവണ ഇടപെടൽ നടത്തിയിട്ടുള്ള വിഷയമാണിത്. റെയിൽവേയുമായുള്ള പ്രശ്നം പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇക്കാര്യത്തിലും പരിഹാരം കണ്ടെത്തി എങ്ങനെ മുന്നോട്ടുപോകാമെന്നത് സംബന്ധിച്ച് പൊതുവിൽ പരിശോധിക്കുന്നതാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ആർ.ഒ.ബി. നിർമ്മാണത്തോട് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ നിലപാട് എന്താണെന്നും നിലവിൽ ഏറ്റെടുത്ത് പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്ന പദ്ധതികളെ സംബന്ധിച്ചും ഏറ്റെടുക്കാനുള്ള പ്രവൃത്തികളെ സംബന്ധിച്ചും വിശദമാക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ലെവൽ ക്രോസിങ്ങുകളിൽ

നമ്മുടെ ധാരാളം സമയം പാഴാകുന്നുണ്ട്. ആലുവ നിയോജകമണ്ഡലം എം.എൽ.എ. ഇവിടെയുണ്ടെന്നാണ് കരുതുന്നത്. അദ്ദേഹവും സമരത്തിലാണ്. താങ്കൾ ഞാൻ പറയുന്നത് കേൾക്കുന്നുണ്ടെന്നാണ് കരുതുന്നത്. പുറയാറിൽ ഒരു ആർ.ഒ.ബി. വേണമെന്നത് ദീർഘകാലത്തെ ആവശ്യമായിരുന്നു. എന്നാൽ അത് അന്ന് നടപ്പാക്കാൻ സാധിച്ചിരുന്നില്ല. അതിന് ഫണ്ട് അനുവദിക്കാൻ 2016-ൽ ശ്രീ. പിണറായി വിജയൻ നയിക്കുന്ന എൽ.ഡി.എഫ്. സർക്കാർ വരേണ്ടിവന്നു എന്നതാണ് യാഥാർത്ഥ്യം. തുടർന്ന് 2021-ൽ വീണ്ടും ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആയതിന്റെ പ്രവൃത്തികൾ ആരംഭിച്ചു. ഇതുപോലെയുള്ള പല പദ്ധതികളും നമുക്ക് യാഥാർത്ഥ്യമാക്കാൻ സാധിച്ചു. ഈ സർക്കാർ ഇത്തരം കാര്യങ്ങളിൽ വളരെയേറെ ശ്രദ്ധ പുലർത്തുന്നുണ്ട്. ഒരു സർക്കാർ എന്ന നിലയിൽ ജനങ്ങൾക്കെന്താണ് ആവശ്യമെന്നത് മനസ്സിലാക്കി ഇടപെടുന്നുണ്ട്. അനാവശ്യമായ വിവാദങ്ങളും ജനാധിപത്യ വിരുദ്ധമായ സമീപനങ്ങളും യാതൊരുതരത്തിലും കണക്കിലെടുക്കാതെ, ജനങ്ങൾ ഏല്പിച്ച ഉത്തരവാദിത്വം വളരെ ഭംഗിയായി നിർവഹിച്ച്, ആരൊക്കെ അത് തടുക്കാൻ

ശ്രമിച്ചാലും അതിന് പുല്ലുവില കല്പിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുന്നു. അതുകൊണ്ടുതന്നെയാണ് ജനങ്ങൾ വീണ്ടും വീണ്ടും ഈ സർക്കാരിന് പിന്തുണ നൽകുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആർ.ഒ.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഇനിയൊരു തർക്കം ഉന്നയിക്കേണ്ടതില്ല. ഇനിയും നല്ല നിലയിൽ ആർ.ഒ.ബി.-യുടെ കാര്യങ്ങൾ റെയിൽവേയുമായി ചർച്ച ചെയ്തുകൊണ്ട് മുന്നോട്ടുപോകാം.

**വി-പാർക്ക് പദ്ധതി**

2 (*243) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എം. മുകേഷ്:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മേൽപാലങ്ങളുടെ അടിവശം കേന്ദ്രീകരിച്ച് വി-പാർക്ക് പദ്ധതി ആരംഭിച്ചതിന്റെ പ്രധാന ഉദ്ദേശ്യം വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലത്തിനടിയിൽ ഒരുക്കുന്ന പ്രധാന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നഗര വികസനത്തിന് എപ്രകാരം

സഹായകരമാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) കൊല്ലം ജില്ലയിലെ വി-പാർക്ക് കൂടാതെ സർക്കാർ അനുമതി നൽകിയ പുതിയ വി-പാർക്കുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഇ) നിലവിൽ ഡി.പി.ആർ. തയ്യാറാക്കിയ വി-പാർക്ക് പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (എ) പൊതുമരാമത്ത്, വിനോദസഞ്ചാര വകുപ്പുകൾ ചേർന്ന് തയ്യാറാക്കിയ 'ഡിസൈൻ പോളിസി'-യുടെ ഭാഗമായാണ് 'വി-പാർക്ക് പദ്ധതിക്ക് വിനോദസഞ്ചാര വകുപ്പ് തുടക്കമിട്ടത്. സംസ്ഥാനത്തെ വിവിധ മേൽപാലങ്ങൾക്ക് താഴെയുള്ള ഭാഗം കേന്ദ്രീകരിച്ചുള്ള വിനോദസഞ്ചാര വികസനമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന ഈ പ്രദേശങ്ങളെ ചലനാത്മകവും വൈവിധ്യമാർന്നതുമായ പൊതുഇടങ്ങളാക്കി മാറ്റുക എന്നതാണ് 'വി-പാർക്ക്' പദ്ധതിയുടെ ലക്ഷ്യം.

പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ ഈ സ്ഥലങ്ങൾ വികസിപ്പിച്ച്, വിവിധതരം വിനോദോപാധികൾ സ്ഥാപിച്ച് ഇവയെ

ആകർഷകവും ഉപയുക്തവുമായ പൊതുഇടങ്ങളാക്കി മാറ്റാൻ പദ്ധതി ലക്ഷ്യമിടുന്നു. ഇതിലൂടെ നഗരസൗന്ദര്യവൽക്കരണം സാധ്യമാക്കാനും പൊതുഇടങ്ങളുടെ ലഭ്യത വർധിപ്പിക്കാനും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ കുറയ്ക്കാനും സാധിക്കും. പൊതുഇടങ്ങളെ ആകർഷകമാക്കുക വഴി സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകളെ വർധിപ്പിക്കാനും സാധിക്കും.

(ബി) 'വി-പാർക്ക്' പദ്ധതിയുടെ ഭാഗമായി പാലത്തിനടിയിൽ പൊതുജനങ്ങൾക്കായി വൈവിധ്യമാർന്ന സൗകര്യങ്ങളാണ് വിനോദസഞ്ചാര വകുപ്പ് ഒരുക്കുന്നത്. ഓരോ പ്രദേശത്തിന്റെയും സാഹചര്യങ്ങളും സാധ്യതകളും ഭൂമി ലഭ്യതയും പരിഗണിച്ച് വ്യത്യസ്ത തരത്തിലുള്ള വിനോദ ഉപാധികൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. പ്രധാനമായും നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, വ്യായാമത്തിനുള്ള ഓപ്പൺ ജിം, ലൈറ്റിങ് സംവിധാനങ്ങൾ, പൂന്തോട്ടങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വിവിധ മേഖലകളിൽ തയ്യാറാക്കാനാകുന്ന പദ്ധതി ഘടകങ്ങൾ ഇവയാണ്.

- നടപ്പാതകൾ (Walking Tracks)

- ഓപ്പൺ ജിം
- ഇരിപ്പിടങ്ങൾ (Seating arrangements)
- കളിസ്ഥലങ്ങൾ (Play areas for children)
- കലാപ്രകടനങ്ങൾക്കുള്ള വേദികൾ(Stages for artistic performances)
- പാർക്കിങ് സൗകര്യങ്ങൾ
- ബാസ്കറ്റ്ബോൾ കോർട്ട്
- ബാഡ്മിന്റൺ കോർട്ട്
- സ്കേറ്റിങ് പ്രതലം (Skating Rink)
- ചെസ്സ് കളിക്കാനുള്ള ബ്ലോക്കുകൾ (Chess Blocks)
- യോഗ/മെഡിറ്റേഷൻ ഏരിയ
- അർബൻ ഫർണിച്ചറുകൾ (Urban Furniture)
- ഫുഡ് കിയോസ്കുകൾ (Food Kiosks)
- മനോഹരമായ പൂന്തോട്ടങ്ങളും ലാൻഡ്സ്കേപ്പിങ്ങും (Gardens and Landscaping)

(സി) സംസ്ഥാനത്ത് ഉപയോഗിക്കാതെ കിടക്കുന്ന മേൽപാലങ്ങൾക്ക്

താഴെയുള്ള സ്ഥലങ്ങൾ പൊതുജനങ്ങൾക്ക് പ്രയോജനകരമായ രീതിയിൽ വികസിപ്പിക്കാൻ ലക്ഷ്യമിടുന്ന 'വി-പാർക്ക്' പദ്ധതി നഗര വികസനത്തിന് പല വിധത്തിൽ സഹായകരമാവുന്നു. പൊതുഇടങ്ങൾ ആകർഷകമായി പരിപാലിക്കുകവഴി ആ പ്രദേശത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ കഴിയും.

- <u>പൊതുഇടങ്ങളുടെ ലഭ്യത</u>: നഗരങ്ങളിൽ പൊതുഇടങ്ങളുടെ ലഭ്യത വർധിപ്പിക്കുന്നു. ആളുകൾക്ക് ഒത്തുചേരാനും വിനോദങ്ങളിൽ ഏർപ്പെടാനുമുള്ള പുതിയ ഇടങ്ങൾ ഇത് തുറന്നുനൽകുന്നു.
- <u>നഗരസൗന്ദര്യവൽക്കരണം</u>: നഗരങ്ങളുടെ സൗന്ദര്യം വർധിപ്പിക്കുകയും വൃത്തിയും വെടിപ്പുമുള്ള ഒരന്തരീക്ഷം ഒരുക്കുകയും ചെയ്യുന്നു. ഉപയോഗശൂന്യമായ പ്രദേശങ്ങളെ ആകർഷകമായ കേന്ദ്രങ്ങളാക്കി മാറ്റുന്നു.
- <u>സാമൂഹിക ഇടപെടൽ</u>: വിവിധതരം വിനോദോപാധികൾ ഒരുക്കുന്നതിലൂടെ സാമൂഹിക ഇടപെടലുകൾ വർധിപ്പിക്കാനും പ്രാദേശിക കൂട്ടായ്മകൾക്ക് അവസരം നൽകാനും സഹായിക്കുന്നു.
- <u>സുരക്ഷ ഉറപ്പാക്കൽ</u>: മെച്ചപ്പെട്ട ലൈറ്റിങ് സംവിധാനങ്ങളും പൊതുജനങ്ങളുടെ നിരന്തര സാന്നിധ്യവുംവഴി സാമൂഹ്യ വിരുദ്ധ

പ്രവർത്തനങ്ങൾ കുറയ്ക്കുന്നതിനും ഈ പ്രദേശങ്ങൾക്ക് കൂടുതൽ സുരക്ഷ നൽകുന്നതിനും സഹായകമാവുന്നു.

- തൊഴിൽ ലഭ്യത: പ്രാദേശിക തൊഴിൽ സാധ്യതകളെ വർധിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വീ-പാർക്ക് പദ്ധതിയിലൂടെ സാധിക്കും.

(ഡി) കൊല്ലം ജില്ലയിലെ വീ പാർക്ക് കൂടാതെ താഴെപ്പറയുന്ന റെയിൽവേ മേൽപാലങ്ങൾക്ക് താഴെയുള്ള ഭാഗത്തെ സൗന്ദര്യവൽക്കരണ പദ്ധതിക്ക് വിനോദസഞ്ചാര വകുപ്പിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

1. മുളങ്കുന്നത്ത്കാവ് റെയിൽവേ മേൽ പാലം
2. അത്താണി റെയിൽവേ മേൽ പാലം
3. ചെമ്പിശേരി റെയിൽവേ മേൽ പാലം
4. മീൻചന്ത റെയിൽവേ മേൽപാലം, ബേപ്പൂർ, കോഴിക്കോട്

ഇതിനുപുറമെ ധർമ്മടം നിയോജകമണ്ഡലത്തിലെ മുഴപ്പിലങ്ങാട് ROB-ക്കുതാഴെ വീ-പാർക്ക് വികസിപ്പിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഇ) കേരളത്തിലുടനീളമുള്ള മേൽപാലങ്ങളുടെ അടിഭാഗം വിവിധ

തരത്തിലുള്ള വിനോദോപാധികൾ സ്ഥാപിച്ച് മനോഹരമാക്കി ഉപയുക്തമാക്കുന്ന വീ പാർക്ക് പദ്ധതിയുടെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി 72 പാലങ്ങളുടെ ലിസ്റ്റ് പൊതുമരാമത്ത് വകുപ്പും ടൂറിസം വകുപ്പും തയ്യാറാക്കിയിരിക്കുന്നു.

കേരളത്തിലുടനീളം കണ്ടെത്തിയ 72 സ്ഥലങ്ങളിൽനിന്ന് മുൻഗണനാ ക്രമത്തിൽ ചുവടെ ചേർത്തിരിക്കുന്ന 19 സ്ഥലങ്ങൾ ആദ്യഘട്ടത്തിൽ നടപ്പാക്കുന്നതിനായി ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. പേട്ട, റെയിൽവേ മേൽപാലം, ആനയറ, തിരുവനന്തപുരം
2. അമ്പൂരി-കുമ്പിച്ചാൽ ബ്രിഡ്ജ്, പാറശാല
3. നടയറ പാലം, വർക്കല, തിരുവനന്തപുരം
4. കുഞ്ഞിപ്പള്ളി റെയിൽവേ മേൽപാലം, വടകര, കോഴിക്കോട്
5. വെങ്ങാലി, എലത്തൂർ, കോഴിക്കോട്
6. വെങ്ങളം, കൊയിലാണ്ടി, കോഴിക്കോട്
7. അങ്ങാടിപ്പുറം, മലപ്പുറം
8. കൈനാട്ടി റോഡ്, റെയിൽവേ മേൽപാലം

9. കാരിത്താസ് ഫ്ലൈ ഓവർ, കോട്ടയം

10. കല്ലീട്ടുംകര റെയിൽവേ മേൽപാലം

11. താവം, കല്ല്യാശ്ശേരി, കണ്ണൂർ

12. ബേക്കൽ, റെയിൽവേ മേൽപാലം

13. ചെറുവത്തൂർ-പടന്ന റോഡ്, തൃക്കരിപ്പൂർ, കാസർഗോഡ്

14. കാഞ്ഞങ്ങാട്, കാസർഗോഡ്

15. നീലേശ്വരം, കാസർഗോഡ്

16. കോതാട്, വൈപ്പിൻ, കൊച്ചി

17. എറണാകുളം നോർത്ത് റെയിൽവേ മേൽപാലം

18. വിക്ടോറിയ കോളജ് റെയിൽവേ മേൽപ്പാലം

19. എ.കെ.ജി. ഫ്ലൈ ഓവർ, കോഴിക്കോട്

ഇതോടൊപ്പം വീ-പാർക്ക് പദ്ധതിക്കായി പൊതുമരാമത്ത് ബ്രിഡ്ജസ് വിഭാഗവും RBDCK-യും വ്യത്യസ്ത ഏജൻസികൾക്ക് NOC നൽകിയിട്ടുണ്ട്.

1. ഗുരുവായൂർ റെയിൽവേ മേൽപാത

2. ദേവദാർ റെയിൽവേ മേൽപാലം

3. മൂച്ചിക്കൽ റെയിൽവേ മേൽപാലം

4. പന്നിയങ്കര ROB

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വികസന കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ചോദ്യോത്തരവേള തന്നെ തടസ്സപ്പെടുത്തുന്ന രീതി ജനാധിപത്യ പ്രവർത്തനത്തിന് ഭൂഷണമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പ്രസംഗത്തിന്റെ ഭാഗമായി ഇവിടെ സൂചിപ്പിച്ചു. നടപ്പാക്കിയ വികസന പ്രവർത്തനങ്ങളിൽ പലതും പ്രതിപക്ഷ അംഗങ്ങളുടെ മണ്ഡലങ്ങളിലാണ്. അവർക്കതിന് ബെഞ്ചിലടിച്ച് അഭിവാദ്യം ചെയ്യാൻ കഴിയില്ല, പക്ഷേ കൈയടിക്കാനുള്ള അവസരമെങ്കിലും അങ്ങ് നൽകണം.

വി-പാർക്കുകൾ സമീപ കാലയളവിൽ കേരളത്തിൽ നടപ്പാക്കിയ ഏറ്റവും ശ്രദ്ധേയമായ വികസന പ്രവർത്തനങ്ങളിൽ ഒന്നാണ്; എത്ര വി-പാർക്കുകളുടെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കാൻ കഴിയും?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കഴിഞ്ഞ ദിവസം തലശ്ശേരി നിയോജകമണ്ഡലത്തിലെ വി-പാർക്കുമായി ബന്ധപ്പെട്ട ചർച്ച വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞതിൽ ഞാൻ പ്രതിപക്ഷത്തോട് നന്ദി പറയുകയാണ്.

അതുപറയുമ്പോൾ അങ്ങയുടെ മുഖത്തെ സന്തോഷം എനിക്ക് കാണാൻ സാധിക്കുന്നു. ഇന്നലെയായിരുന്നെങ്കിൽ അതുകാണാൻ കഴിയില്ലായിരുന്നു. തലശ്ശേരിയിൽ മനോഹരമായ ഒരു വി-പാർക്ക് വരാൻ പോകുന്നു. അതിനു മുൻകൈയെടുത്ത പി.ഡബ്ല്യു.ഡി.-യോടും അങ്ങയോടും പ്രത്യേക നന്ദി ഞാൻ അറിയിക്കുന്നു. കേരളത്തിൽ സാധ്യമാകുന്ന എല്ലായിടത്തും വി-പാർക്കുകൾ സ്ഥാപിക്കാനുള്ള ഇടപെടലുകൾ നടത്തും. ടി വിഷയത്തിൽ ഭരണകക്ഷി-പ്രതിപക്ഷ ഭേദമില്ല. ആരു പറഞ്ഞാലും അതിനോട് എല്ലാ നിലയിലും സഹകരിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് എൻ.ഒ.സി. നൽകാൻ തയ്യാറാണെന്നത് പ്രത്യേകം ഈ സഭയെ അറിയിക്കുന്നു.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, വി-പാർക്ക് പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ കഴിയുന്ന ജില്ലകളിലൊന്നാണ് കോഴിക്കോട്. ബഹുമാനപ്പെട്ട മന്ത്രിയുടെ നാട്ടുകൂടിയായ കോഴിക്കോട് ജില്ലയിൽ നഗരമധ്യത്തിൽ തന്നെ നിരവധി മേൽപാലങ്ങൾക്കുതാഴെ വി-പാർക്ക് പദ്ധതി ഭാവനാപൂർവമായും അതിമനോഹരമായും ഫലപ്രദമായും നടപ്പാക്കാൻ കഴിയും. അതിനായി ഏതെങ്കിലും തരത്തിലുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ്

റിയാസ്): സർ, എല്ലാ നിലയിലും നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. കൊല്ലം ജില്ലയിലെ ഇരവിപുരം മണ്ഡലത്തിൽ വി-പാർക്ക് പൂർത്തീകരിച്ചു. പ്രസ്തുത പാർക്കിൽ രാത്രി രണ്ട്-മൂന്നുമണിവരെ ആളുകൾ പാട്ടുപാടിയും ഷട്ടിൽ കളിച്ചും ആഹ്ലാദം പങ്കുവയ്ക്കുകയാണ്. അതുപോലെയുള്ള വി-പാർക്കുകൾ നമുക്ക് ഇനിയും ആരംഭിക്കാം. അതിനെല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

ശ്രീ. എം. മുകേഷ്: സർ, ആദ്യം തന്നെ കൊല്ലത്തുകാരുടെ നന്ദി അറിയിക്കുകയാണ്. ഇത്രയും ഗംഭീരമായ, വിപ്ലവകരമായ ചിന്തയും പ്രവർത്തനവും ഒരുമിച്ച വി-പാർക്ക് നമ്മൾ പ്രതീക്ഷിച്ചിരുന്നില്ല. എന്റെ ചോദ്യം കൊല്ലത്തെ വി-പാർക്കിന്റെ തുടർപരിപാലനം ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ പോലുള്ള ഏതെങ്കിലും സംവിധാനം ഇതിന്റെ തുടർ നടത്തിപ്പിനായി ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തീർച്ചയായും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വി-പാർക്ക് വലിയ ട്രെൻഡായി മാറിയിരിക്കുകയാണ്. വി-പാർക്കിന്റെ

മേൽനോട്ടത്തിനായി എം.എൽ.എ. ചെയർമാനായ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റിക്ക് ഇത്തരം കാര്യങ്ങൾകൂടി ആലോചിച്ച് തീരുമാനമെടുക്കാൻ സാധിക്കുന്നതാണ്.

ശ്രീമതി ദെലീമ: സർ, ഞങ്ങൾക്ക് അങ്ങയുടെ മുഖം കാണാൻ കഴിയുന്നില്ല, അതിനൊരു തീരുമാനമെടുക്കണം.

എന്റെ മണ്ഡലത്തിലെ പത്തോളം പാലങ്ങളാണ് നമ്മുടെ ഗവൺമെന്റ് വന്നതിനുശേഷം നടപ്പായിക്കൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ എനിക്ക് വളരെയധികം അഭിമാനമുണ്ട്. അതിന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയെയും പ്രത്യേകം അനുമോദിക്കുന്നു. ദേശീയപാത പദ്ധതി പൂർത്തീകരിക്കുമ്പോൾ പലയിടങ്ങളിലും ഓവർ ബ്രിഡ്ജ്, അണ്ടർ പാസ്സേജ് എന്നിവയുണ്ടാകും. പ്രത്യേകിച്ച് അരൂർ-തുറവൂർ മേഖലയിൽ മേൽപാലങ്ങൾക്കുതാഴെ സ്ഥലം ലഭ്യമാകാൻ സാധ്യതയുണ്ട്. ഈ മേഖലയെ കോർത്തിണക്കി വി-പാർക്ക് ടൂറിസം പദ്ധതി നടപ്പാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വളരെ നല്ല നിർദേശമാണിത്. ദേശീയപാത

മേൽപാലങ്ങളുടെ താഴെ ധാരാളം സ്ഥലമുണ്ടാകും. അവയെക്കുറിച്ച് പിന്നീട് ചർച്ച ചെയ്ത് ഭാവിയിൽ ഉപയോഗിക്കാം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള മേൽപാലങ്ങൾക്കാണ് നമ്മൾ ഇപ്പോൾ പരിഗണന നൽകിയിരിക്കുന്നത്. ഇരുപത്തിമൂന്ന് വി-പാർക്കുകൾക്കുള്ള പദ്ധതിരേഖ ഇതിനകംതന്നെ തയ്യാറായെന്ന സന്തോഷവിവരം ഈ സഭയെ പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ് ... (ബഹളം) ...

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഒരുപക്ഷേ പ്രതിപക്ഷത്തിന് ബാനർ ഉപയോഗിച്ച് സ്പീക്കറുടെ കാഴ്ച മറയ്ക്കാൻ കഴിയും. പക്ഷേ, കേരളത്തിലെ ജനങ്ങളുടെ കണ്ണും മനസ്സും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കൂടെയാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സഭയുടെ നടുത്തളത്തിൽ അനാവശ്യമായ പാർക്കിങ് നടത്തുന്ന പ്രതിപക്ഷത്തെപ്പോലെയാണ് കേരളത്തിലെ നിരത്തുകൾ.

കേരളത്തിൽ അനാവശ്യമായ പാർക്കിങ്ങുകൾ പല സ്ഥലത്തുമുണ്ട്. നിലവിൽ കോലഞ്ചേരി ടൗണിൽത്തന്നെ പലപ്പോഴും റോഡുകളുടെ സൈഡിലാണ് വണ്ടികൾ പാർക്ക് ചെയ്യുന്നത്. ഇതൊഴിവാക്കാൻ കേരളത്തിലെ കാടുപിടിച്ചുകിടക്കുന്ന ഗവൺമെന്റ് സ്ഥലങ്ങളിലോ മറ്റു

സ്ഥലങ്ങളിലോ പാർക്കിങ് സംവിധാനം ഒരുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, അക്കാര്യം തീർച്ചയായും പരിശോധിക്കാം. വണ്ടി പാർക്കിങ് എന്നത് നഗരത്തിലെ ഒരു പ്രധാന പ്രശ്നമാണ്. ഇതു പരിഹരിക്കാൻ എന്തുചെയ്യാനാകുമെന്നതു സംബന്ധിച്ച് നമുക്ക് കൂട്ടായിത്തന്നെ ആലോചിക്കാം.

ശ്രീ. വി. ജോയി: സർ, അസത്യ പ്രചരണവും അപവാദ പ്രചരണവും നടത്തുന്ന ചില കുഴലൂത്തുകാർക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതി വയറ് നിറച്ചുകൊടുത്തിട്ടും അവർ പഠിക്കുന്നില്ല. ഈ വിഷയത്തിലും ഭാവിയിൽ അവർക്ക് അതുതന്നെയാണ് വരാൻ പോകുന്നത്.

വർക്കല നടയറയിലെ അണ്ടർപാസേജിൽ വി-പാർക്ക് നടപ്പാക്കാൻ തീരുമാനിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. വർക്കലയിലെ അണ്ടർപാസേജ് ബ്യൂട്ടിഫിക്കേഷനുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിലപാടുകൾ സ്വീകരിച്ചിട്ടുണ്ടോ?...... (ബഹളം) ...

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ്

റിയാസ്): സർ, തീർച്ചയായും ഇക്കാര്യത്തെക്കുറിച്ച് വളരെ നല്ല നിലയിൽ നമുക്ക് പരിശോധിക്കാം. ടൂറിസം മേഖലയിൽ ഡിസൈൻ പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായി കൃത്യമായ ധാരണയോടുകൂടിയാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. ഇതിനെക്കുറിച്ച് കൃത്യമായ പരിശോധന നടത്താം.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വളരെ കൃത്യമായി ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ എസ്.ഐ.ടി. അന്വേഷിക്കുന്നതിനുവേണ്ടി മുന്നോട്ടുപോയിട്ടും ഇവർ ഇങ്ങനെ നിയമസഭ തടസ്സപ്പെടുത്തുന്നത് വളരെ വേദനിപ്പിക്കുന്ന കാര്യമാണ്. സഭയിലെ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ നമുക്ക് അവതരിപ്പിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. പ്രതിപക്ഷത്തോട് പറയാനുള്ളത്, തൽക്കാലം സമരം നടന്നോട്ടെ അത് ജനാധിപത്യ ആവശ്യമാണ്, പക്ഷേ ഇത്തരത്തിൽ അന്വേഷണം പ്രഖ്യാപിച്ചിട്ടും നമുക്ക് നിയമസഭയിൽ ചർച്ച ചെയ്യാനുള്ള അവസരം തരാതിരിക്കുന്നത് വളരെ മോശമാണ്.

ഈ ഗവൺമെന്റ് വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണമാണ് നടക്കുന്നത്. അതിലൊന്ന് വാടാനാംകുറുശ്ശിയിലാണ്. അതിന്റെ നിർമ്മാണം

നടന്നുകൊണ്ടിരിക്കുകയാണ്. വല്ലപ്പുഴ ഫ്ലൈ ഓവറിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ആരംഭിക്കുകയാണ്. കൊട്ടുമുണ്ട ഫ്ലൈ ഓവറിന്റെ സ്ഥലം ഏറ്റെടുത്ത് അതിന്റെ പ്രവർത്തനങ്ങൾ നടക്കാൻ പോവുകയാണ്. അതിനാവശ്യമായ തുക നൽകിക്കഴിഞ്ഞു. ഇവയിൽ വാടാനാംകുറുശ്ശിയിലെ വർക്കുകൾ കുറച്ച് മന്ദഗതിയിലാണ്. അത് വളരെ വേഗത്തിൽ പൂർത്തീകരിക്കുന്നതിനും ഈ മൂന്ന് ഫ്ലൈ ഓവറുകളിലും വി-പാർക്ക് നിർമ്മിക്കാനും വല്ലപ്പുഴ ടൗൺ നവീകരണം അടക്കമുള്ള കാര്യങ്ങൾ ചെയ്യുന്നതിനും അങ്ങ് മുൻകൈയെടുക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തീർച്ചയായിട്ടും. ഇവിടെ രണ്ട് വിഷയങ്ങളാണ് പറഞ്ഞിട്ടുള്ളത്. സംസ്ഥാന സർക്കാർ പാലങ്ങളുടെ കാര്യത്തിൽ വേഗത വർധിപ്പിക്കാൻ പ്രത്യേക ഇടപെടലുകൾ നടത്തുന്നുണ്ട്. ഈ സർക്കാർ 2021 മെയ് 20-ന് അധികാരത്തിൽ വരുമ്പോൾ 5 വർഷം കൊണ്ട് 100 പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടത്. അതായത് 2026 ആകുമ്പോഴേക്കും 100 പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിക്കുക. ഓരോ മണ്ഡലത്തിലും ഒരു നോഡൽ ഓഫീസറെ നിശ്ചയിക്കുകയും അതിനെക്കുറിച്ച്

പഠിക്കുകയും ചെയ്തു. എണ്ണയിട്ട യന്ത്രം പോലെ സംവിധാനം ചലിച്ചതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 100 പാലമെന്നത് 4 വർഷം കൊണ്ട് യാഥാർത്ഥ്യമാക്കാൻ എൽ.ഡി.എഫ്. സർക്കാരിന് സാധിച്ചുവെന്ന് സഭയെ അറിയിക്കുന്നു. ഇപ്പോൾ 149 പാലങ്ങളുടെ പ്രവൃത്തി ഈ ഗവൺമെന്റ് വന്നതിനുശേഷം പൂർത്തീകരിക്കപ്പെട്ടു. 150-ാമത്തെ പാലം പാറശാലയിൽ ഉദ്ഘാടനം ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. ഇക്കാര്യം വേഗത്തിലാക്കാനുള്ള എല്ലാ നടപടിയും സ്വീകരിച്ച് മുന്നോട്ട് പോകുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾ സഹകരിക്കണം. സഭാ നടപടിക്രമങ്ങൾ വിദ്യാർത്ഥികൾ ഗാലറിയിലിരുന്ന് കാണുന്നുണ്ട്. അവർ ഇത് കാണുമ്പോൾ ഇതാണ് സഭയെന്ന് വിചാരിക്കും. ആയതിനാൽ അംഗങ്ങൾ സീറ്റുകളിൽ ഇരിക്കുകയും ഫ്ലോർ ഓർഡർ ആക്കി നൽകുകയും ചെയ്യണം. പ്രതിപക്ഷ അംഗങ്ങൾ ഇരുന്നാൽ വാച്ച് ആൻഡ് വാർഡ് സഭയിൽ നിന്ന് പുറത്ത് പോകുന്നതാണ്.

**സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ**

(*244) ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ശ്രീ. പ്രമോദ് നാരായൺ:

ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും സംബന്ധിച്ച് വിശദാംശം നൽകാമോ;

(ബി) ഗ്ലോബൽ വിമൻ കോൺഫറൻസ് ഓൺ ജെൻഡർ ഇൻക്ലൂസീവ് ടൂറിസം ആൻഡ് റെസ്പോൺസിബിൾ ടൂറിസം എന്ന ആഗോള സമ്മേളനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നൂതന പദ്ധതികളാണ് ടൂറിസം മേഖലയിൽ ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ടൂറിസം മേഖലയിൽ സ്ത്രീ സംരംഭകത്വം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ്

റിയാസ്): സർ,

(എ) സംസ്ഥാനത്ത് വനിതാ യാത്രികരേയും ടൂറിസം മേഖലയിലെ വനിതാ സംരംഭകരേയും പ്രോത്സാഹിപ്പിക്കുന്നതിന് ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ടൂറിസവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ നെറ്റ്‌വർക്ക് രൂപപ്പെടുത്തുകയും അതുവഴി ഒറ്റയ്ക്കും കൂട്ടായും യാത്ര ചെയ്യുന്ന സ്ത്രീകളുടെ യാത്രകൾ സുരക്ഷിത പൂർണ്ണമാക്കുന്നതിനുമുള്ള പ്രത്യേക പ്രവർത്തനങ്ങളാണ് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതിയിലൂടെ നടപ്പാക്കിവരുന്നത്. കൂടുതൽ സ്ത്രീ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ പദ്ധതിയിലൂടെ സുരക്ഷിതവും ശുചിത്വമുള്ള സ്ഥലങ്ങളും ലക്ഷ്യസ്ഥാനങ്ങളും ഉറപ്പാക്കുന്നു.

സ്ത്രീ സൗഹാർദ വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി വനിതകൾക്കായി വിവിധ പരിശീലനങ്ങൾ സംഘടിപ്പിച്ചു. കമ്മ്യൂണിറ്റി ടൂർ ലീഡർ, ടൂർ ഓപ്പറേറ്റർ, ഹോംസ്റ്റേകൾ, റെസ്റ്റോറന്റ് മേഖലകളിൽ സംരംഭങ്ങൾ

തുടങ്ങാനുള്ള പരിശീലനങ്ങൾ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി നടന്നിട്ടുണ്ട്. ഒരു സ്ത്രീ സൗഹാർദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തുവരുന്നു.

പ്രസ്തുത പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ ജെൻഡർ ഇൻക്ലൂസീവ് ടൂറിസം & റെസ്പോൺസിബിൾ 2024 നവംബർ 30, ഡിസംബർ 1, 2 എന്നീ തീയതികളിൽ മൂന്നാർ - മാങ്കുളത്തുവച്ച് നടന്നു.

ഐക്യരാഷ്ട്ര സംഘടനയുടെ, സ്ത്രീകൾക്കായി പ്രവർത്തിക്കുന്ന ഘടക സംഘടനയായ യു.എൻ. വിമൺ മുതൽ കേരളത്തിലെ ഗ്രാമ പഞ്ചായത്ത് തലം വരെയുള്ള സ്ത്രീ സൗഹൃദ ടൂറിസം പ്രയോക്താക്കളെ ഒരേ വേദിയിൽ കൊണ്ടുവരാനായി എന്നത് ഈ കോൺഫറൻസിന്റെ എടുത്തു പറയേണ്ട ഒരു സവിശേഷതയാണ്.

പ്രധാന ടൂറിസം കേന്ദ്രങ്ങൾ എത്രത്തോളം സ്ത്രീ സൗഹാർദമാണെന്ന പഠനവും ഉത്തരവാദിത്ത ടൂറിസം മിഷൻ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഡെസ്റ്റിനേഷനുകളിലെ അടിസ്ഥാന സൗകര്യ

വർധനവിനുള്ള പ്രവർത്തനങ്ങളും സംഘടിപ്പിച്ചു. സ്ത്രീകളുടെ ഉന്നമനത്തിനും ശാക്തീകരണത്തിനും സുരക്ഷയ്ക്കും വേണ്ടി ഡെസ്റ്റിനേഷൻ സുരക്ഷാ പഠനം നടത്തിയതിൽ കണ്ട പ്രധാന പോരായ്മകൾ നികത്തുന്നതിനായി ഡെസ്റ്റിനേഷനുകളിൽ സുരക്ഷാ മാർഗരേഖ ഉൾപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുക, പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ഫീഡിങ് സെന്ററുകൾ സ്ഥാപിക്കുക, ഡെസ്റ്റിനേഷനുകളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ക്യാമറകൾ സ്ഥാപിക്കുക, സ്ത്രീകൾ നടത്തുന്ന സംരംഭങ്ങൾക്ക് ഒറ്റത്തവണ ധനസഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ ടൂറിസം വകുപ്പും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയും നടത്തിവരുന്നു.

(ബി) ടൂറിസം മേഖലയിലെ ലോകത്തെ ആദ്യത്തേത് എന്ന് തന്നെ വിശേഷിപ്പിക്കാവുന്ന ഗ്ലോബൽ വിമൻ കോൺഫറൻസ് ഓൺ ജെൻഡർ ടൂറിസം ആൻഡ് റെസ്പോൺസിബിൾ ടൂറിസം എന്ന ആഗോള സമ്മേളനം 2024 നവംബർ 30, ഡിസംബർ 1, 2 എന്നീ തീയതികളിൽ ഇടുക്കി ജില്ലയിലെ മൂന്നാറിന് സമീപത്തുള്ള മാങ്കുളത്തുവച്ച് നടന്നു.

കേരളത്തിൽ സ്ത്രീ സൗഹൃദ വിനോദ സഞ്ചാരത്തിന്റെ ഭാഗമായി

നടന്നുവരുന്ന പ്രവർത്തനങ്ങളെ ആഗോള അടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നതിനുള്ള വേദിയായിരുന്നു പരിപാടി. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ടൂറിസത്തിന്റെ ഭാഗമായ എക്സ്പീരിയൻസ് ടൂറിസം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പരമ്പരാഗത തൊഴിലാളികൾ മുതൽ യു.എൻ. വിമൺ ഹെഡ് വരെ ഈ സമ്മേളനത്തിന്റെ ഭാഗമായി.

കേരള ഡിക്ലറേഷൻ ഓൺ ജെൻഡർ ഇൻക്ലൂസീവ് ആൻഡ് വിമൻ ഫ്രണ്ട്‌ലി ടൂറിസം എന്ന പ്രഖ്യാപനം ഈ സമ്മേളനത്തിൽ ഉണ്ടായി. ഇത് ലോക ശ്രദ്ധയെ ആകർഷിച്ചു.

ആഗോള ടൂർ ഓപ്പറേറ്റർമാർ, അക്കാദമിക് പ്രമുഖർ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ചെറുതും വലുതുമായ ടൂറിസം സംരംഭകർ, ഇതര ടൂറിസം സംഘടനകൾ, എന്നിങ്ങനെ സമൂഹത്തിന്റെ നാനാ തുറയിലുള്ളവർ ഈ പ്രഖ്യാപനത്തിൽ ഒപ്പുവച്ചു. കേരളത്തെ ജെൻഡർ ഇൻക്ലൂസീവ് ടൂറിസത്തിന്റെയും, വിമൻ ഫ്രണ്ട്‌ലി ടൂറിസത്തിന്റെയും കേന്ദ്രമാക്കിക്കൊണ്ട് ലോക ടൂറിസം കമ്പോളത്തിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യം ഈ സമ്മേളനത്തോടെ സാധ്യമായിട്ടുണ്ട്. ഈ സമ്മേളനം മുന്നോട്ടുവച്ച ഏറ്റവും

പ്രധാനപ്പെട്ട ലക്ഷ്യം കേരളത്തിന് ജെൻഡർ ഇൻക്ലൂസീവ് ആൻഡ് റെസ്പോൺസിബിൾ ടൂറിസം എന്ന പോളിസി ഉണ്ടാവുക എന്നതാണ്. പ്രസ്തുത പോളിസി ഉണ്ടാക്കുന്നതിനുള്ള ഏകദിന ശില്പശാല നടത്തുകയും ആയതിന്റെ കരട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ/അജണ്ടകൾ സമ്മേളനം മുന്നോട്ടുവയ്ക്കുകയുണ്ടായി.

വനിത ടൂറിസം സംരംഭങ്ങൾക്ക് പ്രവർത്തന ധനസഹായം നൽകുന്നത് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

ടൂറിസം കേന്ദ്രങ്ങളെ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമായി പ്രഖ്യാപിക്കുക.

ടൂറിസം മേഖലയിലെ വർധിച്ച വനിതാ പങ്കാളിത്തം ഉറപ്പുവരുത്തുക

അനുഭവവേദ്യ വിനോദസഞ്ചാരത്തിൽ വർധിതമാനമായ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.

വനിതകൾക്ക് ടൂറിസം മേഖലയിൽ ഡിജിറ്റൽ ഇന്നവേഷൻ നടപ്പാക്കുന്നതിനുള്ള പിന്തുണ സംവിധാനം ഉറപ്പുവരുത്തുക.

മേൽ പ്രവർത്തനങ്ങളും അജണ്ടകളും ടൂറിസം വകുപ്പും കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയും ചേർന്ന് നടപ്പാക്കി

വരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ സ്ത്രീ സംരംഭകത്വം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതി ഈ ലക്ഷ്യം മുൻനിർത്തി നടപ്പാക്കിവരുന്നു.

കേരള റെസ്പോൺസിബിൾ ടൂറിസം സൊസൈറ്റിയുടെ ഭാഗമായി നടക്കുന്ന ബഹുഭൂരിപക്ഷം പരിശീലനങ്ങളും വനിതകൾക്ക് ടൂറിസം മേഖലയിൽ സംരംഭകത്വ വികസനം സാധ്യമാക്കുന്നതിന് ഉപകാരപ്രദമായവയാണ്. പരിശീലനങ്ങൾക്കുശേഷം യൂണിറ്റുകൾ രൂപീകരിക്കുന്നതിനും അവയ്ക്ക് ആവശ്യമായ പിന്തുണ സംവിധാനം നൽകുന്നതിനും കേരള റെസ്പോൺസിബിൾ സൊസൈറ്റി പ്രത്യേക പരിഗണന നൽകുന്നു. വനിതകളുടെ സംരംഭങ്ങൾ മാർക്കറ്റ് ചെയ്യുന്നതിന് വേണ്ടി വീഡിയോകളും ബോർഡുകളും നിർമ്മിക്കുകയും പ്രചാരണ പ്രവർത്തനം നടത്തുകയും ചെയ്യുന്നുണ്ട്.

വനിതാ വികസന കോർപ്പറേഷനുമായി ചേർന്ന് പലിശ

സബ്സിഡിയോടെ വായ്പ നൽകുന്ന ഒരു ധനസഹായ പദ്ധതിക്ക് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി രൂപം നൽകി വരികയാണ്.

സ്ത്രീ സൗഹൃദ വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വനിതാ സംരംഭങ്ങൾക്ക് പുറമേ യാത്രകൾ പ്രോത്സാഹിപ്പിക്കുന്നതിന് വനിതാ ബ്ലോഗർമാരെയും വനിത ടൂർ ഓപ്പറേറ്റർമാരെയും ഫാം ട്രിപ്പുകളുടെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങൾ സ്ത്രീ സൗഹൃദം ആക്കുന്നതിനുള്ള ഡെസ്റ്റിനേഷൻ സേഫ്റ്റി സ്റ്റഡിയും ടൂറിസം കേന്ദ്രങ്ങളുടെ ജെൻഡർ ഓഡിറ്റും നടന്നിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം തുടർന്നുവരികയാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, സുപ്രീംകോടതിയിലും ഹൈക്കോടതിയിലും തോറ്റിട്ടും ഡോ. മാത്യു കുഴൽനാടൻ അന്താരാഷ്ട്ര കോടതിയിൽ പോകുമെന്ന് പറഞ്ഞ് ഇപ്പോൾ സഭയിൽ സമരം ചെയ്യുകയാണ്. കേരള ഹൈക്കോടതി അന്വേഷണം പ്രഖ്യാപിക്കുകയും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിട്ടും ഹൈക്കോടതിയെപോലും വിശ്വാസമില്ലാതെ സഭയിൽ ഈ രീതി ചെയ്യുന്നത് ശരിയല്ല. എന്റെ ചോദ്യം സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം

രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിലും സ്ത്രീ സൗഹൃദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, സ്ത്രീ സംരംഭകർക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന ഒരു പദ്ധതി വനിതാ വികസന കോർപ്പറേഷനുമായി ചേർന്ന് നടപ്പാക്കാൻ ആലോചിക്കുന്ന സന്തോഷ വിവരം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന്റെ ഭാഗമായി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ കൂടി സാന്നിധ്യത്തിൽ ചർച്ച നടത്തിയിരുന്നു. പദ്ധതിക്ക് ഈ മാസം അംഗീകാരം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടൂറിസവുമായി ബന്ധപ്പെട്ട സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് പലിശയിളവ് നൽകുന്നത് വഴി കൂടുതൽ സ്ത്രീകളെ ടൂറിസം മേഖലയിലേക്ക് ആകർഷിക്കാൻ സാധിക്കും. നമ്മുടെ രാജ്യത്ത് ആദ്യമായിട്ടാണ് ഒരു സംസ്ഥാനം സ്ത്രീ സൗഹൃദ ടൂറിസത്തിന്റെ ഭാഗമായി സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ പ്രത്യേകം പദ്ധതി നടപ്പാക്കുന്നത്. ആ സംസ്ഥാനം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന കേരളമാണെന്ന് വളരെ സന്തോഷത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, വിനോദ സഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ സംരംഭകരെയും വിനോദ സഞ്ചാരികളെയും വേഗത്തിൽ ബന്ധിപ്പിക്കുന്നതിന് സഹായിക്കുന്ന സ്ത്രീ സൗഹൃദ വിനോദ സഞ്ചാര മൊബൈൽ ആപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ആ പ്രവർത്തനം വിപുലീകരിക്കാൻ നടപടിയുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായിട്ടും ഇതിനെക്കുറിച്ചുള്ള പരിശോധന പൊതുവെ നടത്തിയിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യയുടെ സാധ്യതയെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ മേഖലയ്ക്ക് ഗുണകരമാകുന്ന നിലയിൽ മാറ്റാൻ സാധിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പ്രതിപക്ഷം ഈ ഗവൺമെന്റിനെതിരെ ഉയർത്തിക്കൊണ്ടുവന്ന അടിസ്ഥാനരഹിതമായ എല്ലാ ആരോപണങ്ങളും നീതിന്യായ കോടതികൾ ഒന്നൊന്നായി തള്ളിക്കളയുകയും അവസാനം പരമോന്നത കോടതി വരെ അത്തരം ആരോപണങ്ങൾ ചവറ്റുകുട്ടയിലിട്ട് പിഴ ഈടാക്കേണ്ടി വരുമെന്ന് മുന്നറിയിപ്പും താക്കീതും നൽകുന്ന ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഒരു നോട്ടീസ്

പോലും നൽകാതെ എല്ലാ ജനാധിപത്യ മര്യാദയും ലംഘിച്ചുകൊണ്ട് പാർലമെന്ററി ജനാധിപത്യത്തിന്റെ എല്ലാ മൂല്യങ്ങളെയും തകർത്തുകൊണ്ടുള്ള അപഹാസ്യമായ സമരമാണ് പ്രതിപക്ഷം ഇവിടെ നടത്തുന്നത്. ഇത് അപലപനീയമാണ്.

സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയുടെ ഒരു നയം തന്നെ ആവിഷ്കരിച്ച ടൂറിസം വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. പദ്ധതിയുടെ ഭാഗമാകുന്നവർക്ക് തൊഴിൽ പരിശീലനം നൽകുന്നതോടൊപ്പം ടൂറിസം ഹോസ്പിറ്റാലിറ്റിക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലനം കൂടി നൽകുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ടൂറിസം പരിശീലനം കൂടി നൽകുകയെന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതിനോടകം തന്നെ കേരളം ആതിഥേയ മര്യാദയുടെ കാര്യത്തിൽ മുമ്പിൽ നിൽക്കുന്ന സംസ്ഥാനമാണ്. ആ നിലയിൽ സഞ്ചാരികളെ എങ്ങനെ സ്വീകരിക്കണമെന്നും അവർക്ക് എങ്ങനെ മികച്ച സഞ്ചാര അനുഭവം പ്രദാനം ചെയ്യണമെന്നും ടൂറിസം പരിശീലനത്തിലൂടെ പകർന്നു നൽകാൻ സാധിക്കും. ആ കാര്യങ്ങൾ വളരെ ഗൗരവത്തിൽ തന്നെ എടുത്തുകൊണ്ട് പരിശീലനത്തിന്റെ ചുവടുവയ്പ്പുകളുമായി

സർക്കാർ മുന്നോട്ട് പോകുകയാണ്.

മി. സ്പീക്കർ: ശ്രീ. പ്രമോദ് നാരായൺ നോട്ട് ഇൻ ദ സീറ്റ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഇവിടെ സൂചിപ്പിച്ചതുപോലെ സ്ത്രീ സൗഹൃദ ടൂറിസത്തിന്റെ ഭാഗമായിട്ട് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ ഒട്ടേറെ പ്രവർത്തനങ്ങൾ കേരളത്തിലെ ടൂറിസം മേഖലയിൽ നടപ്പാക്കികൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. ടൂറിസത്തിന്റെ മുഖച്ഛായ മാറ്റികൊണ്ടും കേരളത്തിന്റെ തനത് പൈതൃകത്തെയും, സംസ്കാരത്തെയും ഉൾക്കൊണ്ടുമാണ് ഇവ നടപ്പാക്കുന്നത്. സ്ത്രീ സൗഹൃദ ടൂറിസത്തിന്റെ ഭാഗമായിട്ട് Wander Womaniya പോലുള്ള പ്രസ്ഥാനങ്ങൾ ലോകത്തെമ്പാടും നിലനിൽക്കുന്നു. മേൽ പ്രസ്ഥാനങ്ങളുടെ ഭാഗമായി വനിതകളുടെയും സ്ത്രീകളുടെയും കമ്മ്യൂണിറ്റികൾ രൂപപ്പെടുത്താൻ ഇവിടെ ശ്രമങ്ങളുണ്ടാകുന്നതോടൊപ്പം സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ടും അത്തരം സംവിധാനത്തിന്റെ ഭാഗമായും നമ്മുടെ നാട്ടിലെ കലാകാരന്മാരെയും കലാകാരികളെയും ഇതിന്റെ ഭാഗമാക്കി മാറ്റിക്കൊണ്ട് വനിതാ സാംസ്കാരിക പ്രവർത്തനങ്ങൾ കൂടി ടൂറിസത്തിന്റെ

ഭാഗമായി ക്ലബ് ചെയ്യാൻ കഴിയുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഉന്നയിച്ച രണ്ട് പ്രധാന പ്രശ്നങ്ങളും വളരെ പോസിറ്റീവായിട്ടാണ് സർക്കാർ എടുക്കുന്നത്. സാംസ്കാരിക വകുപ്പുമന്ത്രിയുമായി ഇതിനകം തന്നെ ഒരു റൗണ്ട് ചർച്ച നടത്തി കഴിഞ്ഞതാണ്. നേരത്തെ ചൂണ്ടിക്കാണിച്ച വിഷയത്തിലും സർക്കാർ വളരെ പോസിറ്റീവായി അത്തരം ഗ്രൂപ്പുകളെ ടൂറിസം പ്രൊമോട്ട് ചെയ്യാനും യാത്രകളെ പ്രോത്സാഹിപ്പിക്കാനും സാധിക്കുന്ന രീതിയിൽ മാറ്റുന്നുണ്ട്. പൊതുവെ കോവിഡിനുശേഷം കാണാൻ സാധിക്കുന്നത് സ്ത്രീകളുടെ കൂട്ടായ യാത്ര വലിയ നിലയിൽ സംസ്ഥാനത്ത് വർധിച്ചുവെന്നതാണ്. ഇനിയും അത്തരം പ്രോത്സാഹനം നൽകികൊണ്ട് മുന്നോട്ട് പോകാൻ സാധിക്കും. ഇന്ത്യയിൽ സ്ത്രീകൾക്ക് ഒറ്റക്കോ കൂട്ടായോ നിർഭയം യാത്ര ചെയ്യാൻ സാധിക്കുന്ന സംസ്ഥാനത്തിന്റെ പേര് ഇടതുപക്ഷം ഭരിക്കുന്ന കേരളമാണെന്ന് നമുക്ക് വളരെ അഭിമാനത്തോടെ പറയാൻ സാധിക്കും. ക്രമസമാധാനം ഇവിടെ ഭദ്രമാണെന്നതാണ് ഏറ്റവും വലിയ ഗുണം. കേരളം അങ്ങനെ ഈ നിലയിലേക്ക് മുന്നോട്ട് പോകുമ്പോൾ സ്ത്രീ സഞ്ചാരികൾക്ക് എല്ലാ നിലയിലുമുള്ള പ്രോത്സാഹനം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് ഈ സഭയെ

അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, സ്ത്രീ സൗഹൃദ കോംപ്ലക്സുകൾ നമ്മുടെ സംസ്ഥാനത്ത് വരുമ്പോൾ അത് സ്ത്രീകൾക്ക് വലിയ തണലായിട്ട് മാറും. കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ജെൻഡർ കോംപ്ലക്സിനായുള്ള നടപടികളുമായി മുന്നോട്ട് പോകുകയാണ്. പക്ഷേ, അതിന്റെ എ.എസ്. കമ്മിറ്റി രണ്ടാമത് പരിശോധിക്കുന്നതിനായി അയച്ചിട്ടുണ്ട്. അത് പരിശോധിച്ച് പ്രവൃത്തി തുടങ്ങാനുള്ള നടപടികൾ വേഗത്തിലാക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായിട്ടും അത് വേഗത്തിലാക്കാൻ എന്താണ് ചെയ്യാനാകുക, അത് ചെയ്യുമെന്ന് സഭയെ അറിയിക്കുകയാണ്.

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പദ്ധതികൾ

(*245) ശ്രീ. പി. പി. സുമോദ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ പ്രശാന്ത്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ വിദ്യാർഥികളുടെ പ്രായോഗിക പഠനത്തിനായി സയൻസ് ലാബുകൾ സജ്ജീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വിദ്യാർഥികളുടെ സാഹിത്യ കഴിവുകൾ വളർത്താൻ ബഡ്ഡിങ് റൈറ്റേഴ്സ് പ്രോഗ്രാം പോലുള്ള പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) വിദ്യാർഥികളുടെ അടിസ്ഥാന വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി നിപുൺ ഭാരത് മിഷൻ പോലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാർഥികളുടെ സംഖ്യാശാസ്ത്രത്തിലും സാക്ഷരതയിലും കഴിവുകൾ വർധിപ്പിക്കാൻ പ്രത്യേക പഠനപരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) കാലാവസ്ഥാ ബോധവൽക്കരണത്തിനായി മൺസൂണും കുട്ടികളും പരിപാടി സ്കൂൾ തലത്തിൽ നടപ്പിലാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ വിദ്യാർഥികളുടെ പ്രായോഗിക പഠനത്തിനായി സയൻസ് ലാബുകൾ സജ്ജീകരിക്കുന്നതിനായി സയൻസ് ലാബ് നവീകരണം എന്ന പദ്ധതി നടപ്പിലാക്കിവരികയാണ്. 2025-26 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ 20 സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലും സയൻസ് ലാബ് നവീകരിക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടന്നുവരികയാണ്.

കൂടാതെ, സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ശാസ്ത്രവിഷയങ്ങളുടെ പ്രായോഗിക പഠനത്തിനായി സ്റ്റീം ഇക്കോസിസ്റ്റം, ശാസ്ത്രപാർക്കുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളുടെ സാഹിത്യ കഴിവുകൾ വളർത്തുന്നതിന്റെ ഭാഗമായി 6 മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് തങ്ങളുടെ സർഗാത്മക കഴിവുകൾ ഉപയോഗപ്പെടുത്തി കഥ, കവിത, ലേഖനങ്ങൾ എന്നിവ രചിക്കുവാനുള്ള അവസരം നൽകുന്ന ബഡ്ഡിങ് റൈറ്റേഴ്സ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു. അതോടൊപ്പം കുട്ടികളുടെ സാഹിത്യസൃഷ്ടികൾ

എഡിറ്റ് ചെയ്ത് പുസ്തക രൂപത്തിലാക്കി പ്രിന്റ് ചെയ്ത് സർക്കാർ സ്കൂൾ ലൈബ്രറികൾക്കും കുട്ടികൾക്കും നൽകുന്ന എഴുത്തുപച്ച പദ്ധതി, കോവിഡ് കാലത്ത് ഏറ്റവും കൂടുതൽ ഒറ്റപ്പെട്ടുപോയ സ്കൂൾ കുട്ടികളെ ചേർത്തുപിടിക്കാനും ഒറ്റപ്പെടലിനെ സാധ്യതകളാക്കി മാറ്റാനും നടപ്പിലാക്കിയ അക്ഷരവൃക്ഷം പദ്ധതി എന്നിവയും വിദ്യാർഥികളുടെ സാഹിത്യകഴിവുകൾ വളർത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

കുട്ടികളുടെ സാഹിത്യ കഴിവുകൾ വളർത്തുന്നതിന് സ്റ്റേറ്റ് ഇൻസ്റ്റിട്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയുടെ (SIET) ആഭിമുഖ്യത്തിൽ ‘ അക്ഷരക്കൂട്ട്  എന്ന പരിപാടി സംഘടിപ്പിച്ചു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽനിന്നായി 120 എഴുത്തുപ്രതിഭകൾ പങ്കെടുത്തു. എല്ലാ വർഷവും കുട്ടികൾക്കായി ഇത്തരം പരിപാടികൾ സംഘടിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പ് ആലോചിക്കുന്നു. കുട്ടികളുടെ മികച്ച രചനകൾ SCERT-യുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കും. (......ബഹളം....)

(സി) വിദ്യാർഥികളുടെ അടിസ്ഥാന ഭാഷാ-ഗണിത ശേഷികൾ മെച്ചപ്പെടുത്തുന്നതിനായി നിപുൺ ഭാരത് മിഷന്റെ ഭാഗമായി പദ്ധതികൾ

നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർണ്ണക്കൂടാരം (പ്രവർത്തനങ്ങളോട് കൂടിയ പ്രീ-പ്രൈമറി സ്കൂൾ)

പ്രീ-പ്രൈമറി സ്കൂളുകളിൽ സാങ്കേതിക വിദ്യാ സൗകര്യങ്ങൾ

നിപുൺ ക്ലാസ് റൂം

ഹലോ ഇംഗ്ലീഷ്

സചിത്ര പുസ്തകം (പിക്ചർ ഡയറി)

സംയുക്ത ഡയറി

സർഗാത്മക ഡയറി

ഗണിതക്കിറ്റ്

ഗണിതവിജയം

ഗണിതപാർക്ക്

ഉല്ലാസ ഗണിതം

വായനാവസന്തം

വായനച്ചങ്ങാത്തം

കുഞ്ഞുവായന

ക്ലാസ് ലൈബ്രറി

ശാസ്ത്ര കൗതുകം

വായനക്കാർഡുകൾ

(ഡി) വിദ്യാർഥികളുടെ സംഖ്യാശാസ്ത്രത്തിലും സാക്ഷരതയിലുമുള്ള കഴിവുകൾ വർധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന വിവിധ പഠനപരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

മലയാളത്തിളക്കം

ഹലോ ഇംഗ്ലീഷ്

സചിത്രപുസ്തകം (പിക്ചർ ഡയറി)

സംയുക്ത ഡയറി

സർഗാത്മക ഡയറി

ഗണിതക്കിറ്റ്

ഗണിതവിജയം

ഗണിതപാർക്ക്

ഉല്ലാസ ഗണിതം

വായനാവസന്തം

വായനച്ചങ്ങാത്തം

കുഞ്ഞുവായന

ക്ലാസ് ലൈബ്രറി

ശാസ്ത്ര കൗതുകം

വായനക്കാർഡുകൾ

മഞ്ചാടി

(ഇ) ഭൂമിശാസ്ത്ര പഠനത്തിന്റെ ഭാഗമായി കാലാവസ്ഥ ബോധവൽക്കരണത്തിനായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 248 സ്കൂളുകളിൽ സ്കൂൾ വെതർ സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മൺസൂണും കുട്ടികളും എന്ന പരിപാടിയും

വെതർസ്റ്റേഷനുള്ള സ്കൂളുകളിൽനിന്നും തിരഞ്ഞെടുത്ത കുട്ടികളെയും ജ്യോഗ്രഫി അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന ശില്പശാലയും സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ തുടർച്ചയായി വെതർ കോൺക്ലേവ് നടത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, എന്ത് അക്രമമാണ് ഈ കാണിക്കുന്നത്? യു.ഡി.എഫ്. അംഗങ്ങൾ ഒരു മറയുമില്ലാതെ ഇവിടെ സഭയിൽ പ്രശ്നങ്ങളുണ്ടാക്കുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സ്റ്റീം ഇക്കോസിസ്റ്റം പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അഞ്ചു മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള കുട്ടികൾക്ക് ശാസ്ത്രബോധം, ഗവേഷണ താൽപര്യം എന്നിവ വളർത്തുന്നതിനുള്ള പദ്ധതിയാണ് സ്റ്റീം ഇക്കോസിസ്റ്റം. CUSAT (Cochin University of Science and Technology)-മായി ചേർന്നാണ് ഉപയോഗപ്പെടുത്തുന്നത്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീ. പി. പി. സുമോദ്: സർ, യു.ഡി.എഫ്. അംഗങ്ങൾ സഭയ്ക്കകത്ത് കാണിക്കുന്നത് ഗാലറിയിലിരിക്കുന്ന കുട്ടികളുൾപ്പെടെ കാണുകയാണ്.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ശാസ്ത്രപാർക്കുകൾ എവിടെയെല്ലാമാണ് സജ്ജീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? (......ബഹളം....)

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഹെഡ് സെറ്റ് വയ്ക്കണം.

ശ്രീ. വി. ശിവൻകുട്ടി: സർ, യു.പി., ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ ശാസ്ത്രപഠനം സൗകര്യമാക്കുന്നതിനും ശാസ്ത്രപഠനത്തിൽ താൽപര്യം വർധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 791 സ്കൂളുകളിൽ ശാസ്ത്രപാർക്കുകൾ സജ്ജീകരിച്ചിട്ടുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+. (.........ബഹളം....)

ശ്രീ. വി. കെ പ്രശാന്ത്: സർ, പ്രതിപക്ഷം കുട്ടികളുടെ മുമ്പിലാണ് ഈ അഭ്യാസം കാണിക്കുന്നത്. ഇത് കേരളമാകെ കണ്ടുകൊണ്ടിരിക്കുകയാണ്. ഇതിൽ ഞങ്ങൾക്കുള്ള വലിയ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. കേരളത്തിലെ വിദ്യാർഥികളുടെ പ്രധാനപ്പെട്ട വിഷയങ്ങൾപോലും ചർച്ച ചെയ്യാൻ ഇവിടെ അനുവദിക്കുന്നില്ലെന്നുപറയുന്ന കാടത്തം പ്രതിപക്ഷം അവസാനിപ്പിക്കണമെന്നുകൂടി ഈയവസരത്തിൽ ഞാൻ അഭ്യർഥിക്കുകയാണ്.

വിവിധ പദ്ധതികളിലൂടെ വിദ്യാഭ്യാസ വകുപ്പ് നിരവധി കാര്യങ്ങൾ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ചെയ്തിട്ടുണ്ട്. ഇത് പരിപാലിക്കുന്നതിനും ഉപകരണങ്ങളുടെയും മറ്റും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സ്കൂൾ പി.ടി.എ.-കളെ സഹായിക്കുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; അക്കാര്യം വിശദമാക്കാമോ? (........ബഹളം....)

ശ്രീ. വി. ശിവൻകുട്ടി: സർ, എഴുത്തുപച്ച പദ്ധതിയിലൂടെ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സാഹിത്യ സൃഷ്ടികൾ വിദഗ്ധരുടെ സഹായത്തോടെ എഡിറ്റ് ചെയ്ത് പുസ്തകരൂപത്തിലാക്കി SCERT (The State Council of Educational Research and Training)-യുടെ അംഗീകാരത്തോടെ പ്രിന്റ് ചെയ്ത് സർക്കാർ സ്കൂൾ ലൈബ്രറികൾക്കും സാഹിത്യ സൃഷ്ടികളുടെ രചയിതാക്കളായ കുട്ടികൾക്കും നൽകിവരുന്നു. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു നോട്ടീസ് പോലും നൽകാതെ പ്രതിപക്ഷം ഇവിടെ കാണിക്കുന്ന പ്രാകൃത രീതികൾ കുട്ടികൾപോലും കാണുകയാണ്. വേറെ വിഷയങ്ങളൊന്നുമില്ലാത്തതുകൊണ്ട് കുറെ ദിവസങ്ങളായി സഭയിൽ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

നിരന്തരമായി കാണിക്കുന്ന തികച്ചും ജനാധിപത്യവിരുദ്ധമായ ഈ ആഭാസം ഈ നാട്ടിലെ ജനങ്ങൾ കാണുന്നുണ്ട്.

അങ്ങ് പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കുന്ന ഒട്ടേറെ നൂതനമായ പ്രവർത്തനങ്ങൾ എല്ലാ ജനങ്ങളും അംഗീകരിക്കുന്ന അഭിനന്ദനാർഹമായ കാര്യമാണ്. കുട്ടികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനും മയക്കുമരുന്ന് പോലെയുള്ളവയെ ഒഴിവാക്കുന്നതിനും കൗൺസലിങ് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കൗൺസലിങ് കൂടുതൽ വ്യാപകമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, എന്റെ ഫോട്ടോയും ഇവിടെ പ്ലക്കാർഡുകളിൽ കാണുന്നുണ്ട്. യഥാർഥത്തിൽ നാഷണൽ ഹെറാൾഡ് കേസുമായി ബന്ധപ്പെട്ട ബെഡാ ചോറിനെക്കുറിച്ചാണ് ഇവിടെ ചർച്ച ചെയ്യേണ്ടത്.

പ്രൈമറി കുട്ടികളുടെ വായനാശീലം വളർത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് "കുഞ്ഞുവായന". ഒന്ന്, രണ്ട് എന്നീ ക്ലാസുകളിലെ കുട്ടികളുടെ വായന മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, പൊതുവിദ്യാഭ്യാസ രംഗം മികവുറ്റതാക്കി മാറ്റുന്നതിനുവേണ്ടി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയും പൊതുവിദ്യാഭ്യാസ വകുപ്പും നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളെ പ്രത്യേകം അഭിനന്ദിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ജനാധിപത്യവിരുദ്ധമായ പ്രവർത്തനം ഗാലറിയിലിരിക്കുന്ന കുട്ടികളും നാട്ടിലെമ്പാടുമുള്ള ജനങ്ങളും കാണുന്നുണ്ടെന്ന് മനസ്സിലാക്കേണ്ടതാണ്.

പ്രൈമറി വിഭാഗത്തിലെ കുട്ടികളുടെ വായനാശീലം വളർത്തുന്നതിനും ക്ലാസ് ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടികളുടെ രചനകൾ ക്രോഡീകരിച്ചുകൊണ്ടുള്ള ഒരു എക്സിബിഷൻ ഇവിടെ സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളുടെ വായനാശീലം വർധിപ്പിക്കുന്നതിനുവേണ്ടി പത്ത് മാർക്ക് ഗ്രേസ് മാർക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. (.........ബഹളം....)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറയൂ. അങ്ങ് ഇതൊന്നും നോക്കേണ്ട.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ ഉത്തരം പറഞ്ഞു.

**പൊതു വിദ്യാഭ്യാസരംഗത്തെ പുരോഗതി**

(*246) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കുകളുടെ താരതമ്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതി വിലയിരുത്താമോ;

(ബി) എസ്.എസ്.എൽ.സി.-ക്കുശേഷം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള മാറ്റം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിനുശേഷം ഉന്നത വിദ്യാഭ്യാസത്തിനായി യോഗ്യത നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർധന

ഉണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ക്രാക്ക് ദ എൻട്രൻസ് പരിശീലന പരിപാടിയെക്കുറിച്ച് വിശദമാക്കാമോ?

മി. സ്പീക്കർ: ഇതെല്ലാം ഗാലറിയിലിരിക്കുന്ന കുട്ടികൾ കാണുന്നുണ്ട്. ജനാധിപത്യം ഇതല്ല, പ്രതിഷേധിക്കാം, പക്ഷേ രീതി ഇതല്ല. ബാനർ ഉയർത്തലും ആക്ഷേപ മുദ്രാവാക്യം വിളിയ്ക്കലുമല്ല ജനാധിപത്യം. മിനിസ്റ്റർ പ്ലീസ്. (......ബഹളം....)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) പ്രൈമറി ക്ലാസുകളിലെ (ക്ലാസ് 1 മുതൽ 4 വരെ) കുട്ടികളുടെ പ്രവേശനത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തിയിട്ടുണ്ട്. കുട്ടികളുടെ പ്രവേശനം സംബന്ധിച്ച് കഴിഞ്ഞ 15 വർഷത്തെ കണക്കും ആയതിന്റെ ഗ്രാഫും അനുബന്ധമായി+ ചേർക്കുന്നു.

2016-17 മുതൽ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) പ്രൈമറി ക്ലാസ്സുകളിലെ (1 മുതൽ 4 ക്ലാസ് വരെ)

കുട്ടികളുടെ എണ്ണം ക്രമാനുഗതമായി വർധിച്ചുവരുന്നതായി കാണാൻ കഴിയും.

2020-21-ൽ കോവിഡ് മഹാമാരി രാജ്യത്ത് പിടിമുറുക്കിയപ്പോൾ അതിനെ ഫലപ്രദമായി ചെറുത്തുതോൽപ്പിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിരുന്നു. കോവിഡ് മഹാമാരി കാലത്ത് വിദ്യാലയങ്ങൾ തുറക്കാൻ കഴിയാതെ വന്നപ്പോൾ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ച് വിദ്യാഭ്യാസ മേഖലയെ സംരക്ഷിച്ചുനിർത്തുകയായിരുന്നു. തൽഫലമായി കേന്ദ്ര സിലബസിൽ പഠിച്ചുവന്നിരുന്ന അനേകം കുട്ടികൾ 2021-22 അധ്യയന വർഷം സംസ്ഥാന സിലബസിലേക്ക് വന്നത് കാരണമാണ് ടി വർഷം അത്രയും കുട്ടികളുടെ വർധനവുണ്ടായതെന്ന് ഗ്രാഫിൽനിന്നും വ്യക്തമാണ്.

കോവിഡ് കാലഘട്ടത്തിനുശേഷം കുട്ടികളുടെ എണ്ണം നേരിയതോതിൽ കുറഞ്ഞുവരുന്നതായി കാണുന്നു. കോവിഡിനുമുമ്പും ശേഷവുമുള്ള വർഷങ്ങളിലെ പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) പ്രൈമറി ക്ലാസുകളിലെ (ക്ലാസ് 1 മുതൽ 4 വരെ) കുട്ടികളുടെ എണ്ണം പരിശോധിച്ചാൽ കാര്യമായ വ്യത്യാസം കാണാൻ കഴിയില്ല.

കുട്ടികളുടെ എണ്ണം നേരിയതോതിൽ കുറയുന്നതിന് പ്രധാനകാരണമായി

കാണുന്നത് ജനനനിരക്കിലെ കുറവ് തന്നെയാണ്. ജനന നിരക്ക് 2006 മുതൽ 2020 വരെ പരിശോധിക്കുമ്പോൾ കുറഞ്ഞുവരുന്നതായി കാണാം. 2006-ൽ ജനനനിരക്ക് 16.63 ആയിരുന്നു. എന്നാൽ 2020-ൽ ഇത് 12.77 ആയി കുറയുന്നതായി കാണാൻ സാധിക്കും. ഈ ജനനനിരക്കിൽ വന്ന കുറവ് സ്വാഭാവികമായും സ്കൂൾ പ്രവേശനത്തെ ബാധിച്ചതായി കാണാൻ കഴിയും. ആയതിന്റെ 15 വർഷത്തെ കണക്കും ഗ്രാഫും അനുബന്ധമായി+ ചേർക്കുന്നു.

പൊതുവിദ്യാഭ്യാസ മേഖലയിലെ (സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ്) പ്രൈമറി ക്ലാസുകളിൽ കഴിഞ്ഞ അധ്യയനവർഷം ഒന്നുമുതൽ മൂന്ന് വരെ ക്ലാസുകളിൽ പഠിച്ച കുട്ടികളാണ് ഈ വർഷം രണ്ടുമുതൽ നാലുവരെ ക്ലാസുകളിലായി പഠിക്കുന്നത്. ഇത്തരത്തിൽ മുൻ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ പുതുതായി വന്നുചേർന്ന കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്.

(ബി) ഹയർ സെക്കൻഡറി വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്ലസ് വൺ കോഴ്സിന് ചേരുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ വർധനവ് വന്നിട്ടുണ്ട്. എന്നാൽ ഓരോ വർഷവും കോഴ്സ്

Uncorrected/Not for publication
08-10-2025

പൂർത്തീകരിക്കാതെ കുട്ടികൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചുവരുന്നതായും കാണുന്നു. പത്താം ക്ലാസ് വിജയിച്ച് പ്ലസ് വൺ കോഴ്സിന് ചേരുകയും അതിനുശേഷം പത്താം ക്ലാസ് അടിസ്ഥാനയോഗ്യതയുള്ള മറ്റ് തൊഴിലധിഷ്ഠിത-സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിലേക്ക് കുട്ടികൾ അഡ്മിഷൻ എടുക്കുന്നതായി കണ്ടുവരുന്നു. ഇത് പ്ലസ് വൺ കോഴ്സ് ചെയ്തുവരുന്ന കുറച്ചുകുട്ടികൾ കോഴ്സ് പൂർത്തീകരിക്കാതെ പോകുന്നതിന് ഒരു കാരണമാണ്. സ്ഥലംമാറ്റം, മറ്റ് കാരണങ്ങൾ എന്നിവമൂലം മാതാപിതാക്കളുടെ അഭ്യർത്ഥന പ്രകാരവും കോഴ്സ് പൂർത്തികരിക്കുന്നതിനുമുമ്പ് ടി.സി. വാങ്ങിപ്പോകുന്നത് മറ്റൊരു കാരണമാണ്. ഇത്തരത്തിൽ വിടുതൽ വാങ്ങിയ കഴിഞ്ഞ 10 വർഷത്തെ കുട്ടികളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

(സി) സംസ്ഥാനത്തുടനീളം ഹയർസെക്കൻഡറി കോഴ്സുകളിൽ ചേരുന്ന കഴിഞ്ഞ പത്ത് വർഷത്തെ കുട്ടികളുടെ എണ്ണം പരിശോധിക്കുമ്പോൾ, ഓരോ വർഷവും വർധിച്ചിരിക്കുന്നതായാണ് കാണുന്നത്. മികച്ച പഠനനിലവാരം, ഓരോ പരീക്ഷക്കും ആവശ്യമുള്ള സിലബസ് യഥാസമയം പൂർത്തീകരിച്ച് പാദവാർഷിക പരീക്ഷകളിലും പൊതുപരീക്ഷകളിലും പങ്കെടുക്കുന്നതിനുവേണ്ടിയുള്ള ആത്മവിശ്വാസം കുട്ടികൾക്ക് പകരുന്ന രീതി

അവലംബിച്ചിട്ടുള്ളതും കൂടാതെ മികവുറ്റ രീതിയിലുള്ള ചോദ്യപേപ്പർ തയ്യാറാക്കൽ, കാര്യക്ഷമമായ മൂല്യനിർണയം, ഹയർസെക്കൻഡറി അധ്യാപകർക്ക് നൽകിവരുന്ന പരിശീലനം മുതലായവ കുട്ടികളുടെ കാര്യക്ഷമത വർധിപ്പിച്ചിട്ടുള്ളതും തന്മൂലം വിജയ സാധ്യത കൂടിയിട്ടുള്ളതുമായി കാണുന്നു. മുൻവർഷങ്ങളിലെ വിജയശതമാനം സൂചിപ്പിക്കുന്ന പട്ടിക ഇതോടൊപ്പം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) മെഡിക്കൽ, എഞ്ചിനീയറിങ് പ്രവേശന പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർഥികൾക്കായി വീഡിയോ ക്ലാസുകളും ഇന്ററാക്ടീവ് പോർട്ടലും ഉൾപ്പെടുന്ന ക്രാക് ദ എൻട്രൻസ് പരിപാടി 2023-24 അധ്യയന വർഷം കൈറ്റ് നടപ്പിലാക്കി. കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്ന ക്ലാസുകൾ പരിശീലിക്കുന്നതോടൊപ്പം കുട്ടികൾക്ക് മോക് ടെസ്റ്റിൽ ഉൾപ്പെടെ പങ്കെടുക്കുന്നതിന് www.entrance.kite.kerala.gov.in എന്ന പോർട്ടലും വികസിപ്പിച്ചു. ചോദ്യാവലികൾ, അസൈൻമെന്റുകൾ, മോക് ടെസ്റ്റുകൾ എന്നിവ ചെയ്യുന്നതിനും സൗകര്യമുണ്ട്. ഇതിന്റെ തുടർച്ചയായി തൊട്ടടുത്ത അധ്യയന വർഷം (2024-25) മുതൽ കൈറ്റ് നടപ്പിലാക്കിയ പദ്ധതിയാണ് കീ ടു എൻട്രൻസ്. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞുള്ള എല്ലാ പ്രവേശന പരീക്ഷയിലും

പരിശീലനം നൽകുന്നതിനാണ് ഈ പദ്ധതി. താൽപര്യവും കഴിവും ഉണ്ടായിട്ടും പിന്തുണ ലഭിക്കാത്തതുകൊണ്ടുമാത്രം പൊതുപ്രവേശന പരീക്ഷകളിൽ പിന്തള്ളപ്പെട്ടുപോകുന്ന കുട്ടികൾക്ക് പിന്തുണ നൽകുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. (ബഹളം....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... ഇതെല്ലാം കുട്ടികൾ കാണുകയാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, വാച്ച് ആൻഡ് വാർഡിനെ അടിക്കുകയാണ്. അവർക്ക് സംരക്ഷണം നൽകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് മറുപടി പറയൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോണിനെ സഭയിൽനിന്നും പുറത്താക്കണം. (.......ബഹളം....)

ശ്രീ. കെ. ജെ. മാക്സി: സർ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ പുരോഗതി വിലയിരുത്തുന്ന ചോദ്യമാണിത്. ഈ സമയത്ത് ഇത് അവതരിപ്പിക്കാൻ സമ്മതിക്കാതെ പ്രതിപക്ഷം നടത്തുന്നത് ആഭാസ സമരമാണ്. വിദ്യാഭ്യാസ മേഖലയെ കാവിവൽക്കരിക്കുന്നതിന്റെ ഭാഗമായി NCERT (The National Council of Educational Research and Training)

നടത്തുന്ന പ്രവർത്തനങ്ങളെ പ്രതിരോധിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്ന് വിശദമാക്കാമോ? (.....ബഹളം....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... അംഗങ്ങൾ അവരവരുടെ സീറ്റുകളിൽപോയി ഇരിക്കണം. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഉത്തരം പറയൂ. (ബഹളം....)

ശ്രീ. വി. ശിവൻകുട്ടി: സർ, വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു+.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.... (ബഹളം....) സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ട് പോകാൻ കഴിയാത്ത സാഹചര്യത്തിൽ ചോദ്യോത്തരവേള റദ്ദുചെയ്യുന്നു, സഭ അല്പസമയത്തേക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് 9.50-ന് സഭ താൽക്കാലികമായി നിർത്തിവച്ചു.)